2023
MARCH
09
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

കേരള ഗവൺമെന്റിന്റെ അംഗീകൃത കോഴ്സിലൂടെ എളുപ്പം ജോലി നേടാം
● ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്
● മെക്കാനിക്കൽ എഞ്ചിനീയറിംഗ്
● ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്
2 വർഷം
പഠനത്തോടൊപ്പം അംഗീകൃത സർവ്വീസ് സെന്ററുകളിൽ പ്രായോഗിക പരിശീലനവും തുടർന്ന് പ്ലേയ്സ്മെന്റ് അസിസ്റ്റൻസും. ബന്ധപ്പെടുക:
Kuttukaran Institute
www.kihrd.com
Kuttukaran Technical Campus-2, Manakkappadi - Manjali Road, Manakkappadi, Karumalloor P.O., N.Paravur, Ernakulam-683 511
Tel: (0484) 2390516, 2396035, Mob: 9995171177, 9846019500



# വിഷപ്പുക മാറാതെ കൊച്ചി

**എറണാകുളം:** തുടർച്ചയായ എട്ടാം ദിവസവും വിഷപ്പുകയിൽ മുങ്ങി കൊച്ചി നഗരവും പരിസര പ്രദേശങ്ങളും. കടവന്ത്ര, വൈറ്റില, മരട്, പനമ്പള്ളി നഗർ മേഖലകളിൽ പുക അതിരൂക്ഷമാണ്. അർധരാത്രി തുടങ്ങിയ പുക മൂടൽ ഇപ്പോഴും തുടരുന്നു. ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീ അണയ്ക്കാനുള്ള ശ്രമം തുടരുകയാണ്.

അതിനിടെ, കൊച്ചിയിലെയും സമീപപ്രദേശങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും നാളെയും അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

പൊതുപരീക്ഷകൾക്ക് മാറ്റമില്ല. കൊച്ചി കോർപറേഷൻ, തൃക്കാക്കര, തൃപ്പുണിത്തുറ, മരട് നഗരസഭകളിൽ. വടവുകോട്, പുത്തൻകുരിശ്, കിഴക്കമ്പലം, കുന്നത്തുനാട് പഞ്ചായത്തുകളിലും അവധി. പ്രഫഷനൽ കോളജ് ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാധകം.

## കൊച്ചിയിൽ ശ്വാസകോശ രോഗങ്ങൾ കൂടുന്നു; മുന്നറിയിപ്പുമായി ആരോഗ്യ വിദഗ്ധർ



**എറണാകുളം:** ബ്രഹ്മപുരം തീപിടിത്തമുണ്ടായി ഒരാഴ്ച പിന്നിടുമ്പോൾ കൊച്ചിക്കാർ ഗുരുതര ആരോഗ്യപ്രശ്നങ്ങളുടെ പിടിയിലെന്ന് റിപ്പോർട്ട്. ശ്വാസകോശ രോഗങ്ങൾ ബാധിച്ച് ആശുപത്രികളിലെത്തുന്നവരുടെ എണ്ണത്തിൽ ഉണ്ടായിരിക്കുന്നതു വൻ വർധനയാണ്. പുക ഇങ്ങനെ തുടർന്നാൽ ദീർഘകാലം നീണ്ടുനിൽക്കുന്ന ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്ന മുന്നറിയിപ്പാണ് ആരോഗ്യമേഖലയിലെ വിദഗ്ധർ നൽകുന്നത്.

ജൈവമാലിന്യങ്ങൾ പിവിസി പോലുള്ള ഹാലോജനേറ്റഡ് പ്ലാസ്റ്റിക്കുകളുമായി ചേർന്നു ഭാഗിക ജ്വലനം നടക്കുമ്പോൾ ഉണ്ടാകുന്ന വിഷമാണ് ഡയോക്സിനുകൾ. ഡയോക്സിൻ അടക്കമുള്ള മാരകമായ രാസസംയുക്തങ്ങൾ അടങ്ങിയ പുകയാണ് ഏട്ട് ദിവസത്തിലധികമായി കൊച്ചിയെ മൂടിയിരിക്കുന്നത്. ഇതിന്റെ ആരോഗ്യപ്രത്യാഘാതങ്ങളും കണ്ടു തുടങ്ങി. ശ്വാസകോശരോഗങ്ങൾ, ജലദോഷം, തൊലിപുറമെയുള്ള എരിച്ചിൽ തുടങ്ങിയ രോഗാവസ്ഥയുമായി ചികിത്സതേടുന്നവരുടെ എണ്ണത്തിലാണ് വർധന കണ്ട് തുടങ്ങിയത്.

ദീർഘകാലം നീണ്ട് നിൽക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്കും ഈ വിഷപ്പുക കാരണമാകും. ഏക്കർ കണക്കിന് പ്രദേശത്ത് പത്തോ ഇരുപതോ അടി ഘനത്തിലുള്ള മാലിന്യക്കൂമ്പാരത്തിന്റെ അടിയിൽ നടക്കുന്നത് ഓക്സിജന്റെ അഭാവത്തിലുള്ള എയ്നറോബിക് ഡികമ്പോസിഷൻ ആയിരിക്കുമെന്നാണ് ഈ രംഗത്തെ വിദഗ്ധർ പറയുന്നത്. അതിൽനിന്ന് ബഹിർഗമിക്കുന്ന വാതകങ്ങളിൽ ജ്വലനസ്വഭാവമുള്ള മീഥേൻ ഗ്യാസ് ഉണ്ടാവുമെന്നത് കൊണ്ട് ഒരിക്കൽ തീ പിടിച്ചാൽ അണയ്ക്കുക അസാധ്യമായ കാര്യമാണ്.

# അദാനി ഓഹരികളിലുള്ള നിയന്ത്രണം നീക്കി

**കൊച്ചി :** ഹിൻഡൻബർഗിന്റെ ആരോപണങ്ങളെ തുടർന്ന് അദാനി എന്റർപ്രൈസസിന്റെ ഓഹരികളിന്മേൽ സ്റ്റോക് എക്സ്ചേഞ്ചുകൾ ഏർപ്പെടുത്തിയ അധിക നിരീക്ഷണം അവസാനിപ്പിച്ചു. വ്യാപാരത്തിന് ഏർപ്പെടുത്തിയിരുന്ന അധിക നിയന്ത്രണങ്ങൾ ഇതോടെ ഇല്ലാതാകും. അദാനി ഗ്രൂപ്പിൽപ്പെട്ട മൂന്നു കമ്പനികളുടെ ഓഹരികളാണ് അധിക നിരീക്ഷണത്തിനു വിധേയമാക്കിയിരുന്നത്. എന്നാൽ അദാനി പോർട്സ്, അംബുജ സിമന്റ്സ് എന്നിവയുടെ ഓഹരികളിന്മേലുള്ള നിരീക്ഷണം ഏതാനും ദിവസം മുമ്പുതന്നെ അവസാനിപ്പിച്ചിരുന്നു.

ഇടപാടു മൂല്യത്തിന് ആനുപാതികമായി കൂടിയ നിരക്കിൽ ഈടു തുക കെട്ടിവച്ചു മാത്രമേ അദാനി എന്റർപ്രൈസസിന്റെ ഓഹരികളുടെ ക്രയവിക്രയം അനുവദിക്കുകയുള്ളൂ എന്ന നിബന്ധനയാണു പ്രധാനമായും ഇല്ലാതാകുന്നത്. വിപണിയിൽ പൊതുവെയും അദാനി ഗ്രൂപ്പിൽപ്പെട്ട കമ്പനികളുടെ ഓഹരികളിൽ പ്രത്യേകിച്ചും അസാധാരണ തോതിൽ വിൽപന തുടർന്ന സാഹചര്യത്തിലായിരുന്നു അധിക നിരീക്ഷണം. ഹിൻഡൻബർഗ് റിപ്പോർട്ടിനെ തുടർന്നുളവായ ആശങ്ക കെട്ടടങ്ങുകയും ഓഹരി വിപണി കരുത്തു വീണ്ടെടുക്കുകയും ചെയ്തതോടെ അധിക നിരീക്ഷണത്തിനു പ്രസക്തി ഇല്ലാതായി.

ഹിൻഡൻബർഗിന്റെ ആസ്ഥാനമായ യുഎസിൽനിന്നുതന്നെയുള്ള ജിക്യുജി പാർട്ണേഴ്സ് അദാനി ഗ്രൂപ്പ് ഓഹരികളിൽ നടത്തിയ വലിയ അളവിലുള്ള നിക്ഷേപത്തിൽനിന്നു പ്രചോദനം നേടി ആഭ്യന്തര നിക്ഷേപകരും ഇടപാടുകൾക്കു തയാറായതാണു വിപണിയുടെ മുന്നേറ്റത്തിന് അവസരമൊരുക്കിയത്. ഹിൻഡൻബർഗ് റിപ്പോർട്ട് പുറത്തുവന്ന ജനുവരി 24 മുതൽ പടിയിറക്കത്തിലായിരുന്ന ഓഹരി വില സൂചിക സെൻസെക്സ് കഴിഞ്ഞ രണ്ടു ദിവസംകൊണ്ടു വീണ്ടെടുത്തത് 1315 പോയിന്റാണ്.

അദാനി ഗ്രൂപ്പിന്റെ വിപണി മൂല്യത്തിൽ 12 ലക്ഷം കോടി രൂപയുടെ ഇടിവിനു ഹിൻഡൻബർഗ് റിപ്പോർട്ട് കാരണമായിരുന്നു. ഇടിവു ഗണ്യമായി നികത്താൻ കഴിഞ്ഞ ദിവസങ്ങളിലെ മുന്നേറ്റം സഹായകമായി. എസിസി, അംബുജ സിമന്റ്സ് എന്നിവ ഒഴികെ ഗ്രൂപ്പിലെ എട്ടു കമ്പനികളുടെ ഓഹരികളിലും കനത്ത മുന്നേറ്റമാണു കഴിഞ്ഞ ദിവസം കണ്ടത്. സ്റ്റോക് എക്സ്ചേഞ്ചുകൾക്കു ഹോളി പ്രമാണിച്ചുള്ള അവധി ഇന്നലെയായിരുന്നതിനാൽ ഇടപാടുകളുണ്ടായില്ല.

## 70എച്ച്ടിടി 40 വിമാനങ്ങൾ വാങ്ങും

**ന്യൂഡൽഹി :** വ്യോമസേനാ പൈലറ്റുമാരുടെ പരിശീലനത്തിനായി 70 'എച്ച്ടിടി 40' വിമാനങ്ങൾ വാങ്ങാൻ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡുമായി (എച്ച്എഎൽ) കേന്ദ്ര പ്രതിരോധ മന്ത്രാലയം 6800 കോടിയുടെ കരാറൊപ്പിട്ടു.

പരിശീലന വിമാനങ്ങൾ 6 വർഷത്തിനകം എച്ച്എഎൽ ലഭ്യമാക്കും. 3100 കോടി രൂപയ്ക്ക് 3 പരിശീലന കപ്പലുകൾ വാങ്ങാൻ എൽ ആൻഡ് ടിയുമായും മന്ത്രാലയം കരാറൊപ്പിട്ടു. പ്രതിരോധ സാമഗ്രികൾ നിർമിക്കുന്നതിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ഇന്ത്യയുടെ ശ്രമങ്ങൾക്ക് കരുത്തു പകരും.



# ചട്ടം ലംഘിച്ച് നികത്തിയ വയൽ പഴയപടി ആക്കണം: കളക്ടർ



**പാറശാല:** ചട്ടം ലംഘിച്ച് നികത്തിയ വയൽ 15 ദിവസത്തിനുള്ളിൽ സ്വന്തം ചെലവിൽ പൂർവസ്ഥിതിയിലാക്കാൻ ജില്ലാ കലക്ടറുടെ ഉത്തരവ്. ചെങ്കൽ പഞ്ചായത്തിലെ തോട്ടിൻകരയിൽ റോഡ് വശത്ത് സർവേ നമ്പർ 3924, 39241, 392,42 ൽ പെട്ട 60 സെന്റ് ഭൂമിയിലെ നികത്തൽ ആണ് നെൽവയൽതണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം മാറ്റാൻ നടപടി സ്വീകരിച്ചത്.

നികത്തിയ വയലിലെ മണ്ണ് മാറ്റാനുള്ള ഉത്തരവ് 1 നടപ്പിലാക്കുന്നതിനും, തുടർ നടപടികൾക്കും സബ് കലക്ടറെ ചുമതലപ്പെടുത്തിഡേറ്റാ ബാങ്കിൽ പെട്ട വയൽ നികത്തിയത് സംബന്ധിച്ച് നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാർ ജനുവരി 5ന് തന്നെ കലക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നു.

ആദ്യം മൗനം പാലിച്ച റവന്യു അധികൃതർ വയൽ നികത്തിയതിനു പിടികൂടിയ മണ്ണുമാന്തിയുടെ ഉടമ ചെങ്കൽ വില്ലേജ് ഒ!ാഫിസർ വി.ആർ ഷൈനിന്റെ വീട്ടിൽ കയറി വധഭീഷണി മുഴക്കിയത് വിവാദമായതോടെ ആണ് നടപടിക്കൊരുങ്ങിയത്. മണ്ണുമാന്തി വിട്ടുനൽകാൻ ഹൈക്കോടതി ഉത്തരവ് എത്തിയിട്ടും കലക്ട്രേറ്റിൽ നിന്ന് തുടർ നടപടികൾ വൈകിയിരുന്നു. വിട്ടുകിട്ടാൻ തടസ്സം നിൽക്കുന്നത് വില്ലേജ് ഒ!ാഫീസർ എന്ന് തെറ്റിദ്ധരിച്ചാണ് ഉടമ കാഞ്ഞിരംകുളത്തെ വീട്ടിൽ എത്തി സ്ത്രീകളുടെയും കുട്ടികളുടെയും മുന്നിൽ വച്ച് വധഭീഷണി മുഴക്കിയത്. സംഭവം നടന്ന ഉടൻ വില്ലേജ് ഒ!ാഫിസർ വകുപ്പിലെ ഉന്നതരെ വിവരം അറിയിച്ചിട്ടും പ്രതികരണമുണ്ടായില്ല.

ഇതോടെ ഒ!ാഫീസർ മൂന്നു മാസത്തേക്കു അവധിയിൽ പ്രവേശിച്ചു. ഉദ്യേ!ാഗസ്ഥർക്ക് സർക്കാർ സംരക്ഷണം ആവശ്യപ്പെട്ട് റവന്യു ജീവനക്കാർ താലൂക്ക് ഒ!ാഫിസിലേക്ക് പ്രകടനം നടത്തി. ഭരണാനുകൂല സംഘടനകൾ വരെ പ്രതിഷേധവുമായി എത്തിയതോടെ ആണ് കർശന ഇടപെടലിനു ജില്ലാഭരണകൂടം തയാറായത് എന്നാണ് സൂചന.

ചെങ്കൽ, കുളത്തൂർ പഞ്ചായത്തുകളിൽ വയലുകളും കണ്ടൽക്കാടുകളും അനധികൃതമായി നികത്തൽ സജീവമാണെന്ന പരാതികൾക്കിടയാണ് നടപടി എന്നത് ശ്രദ്ധേയമാണ്.പൊഴിയൂർ കാക്കോലിയിൽ ദിവസങ്ങൾക്ക് മുൻപ് എവിഎം കനാലിനോടു ചേർന്ന് രണ്ട് ഏക്കറോളം വെള്ളക്കെട്ടു നികത്താൻ കലക്ടർ അനുമതി നൽകിയത് പരാതികൾക്ക് ഇടയാക്കിയിരുന്നു.

പ്രതിഷേധങ്ങളെ തുടർന്ന് അടുത്ത ദിവസം സ്ഥലപരിശോധന നടത്തിയ ഡെപ്യൂട്ടി തഹസിൽദാർ നികത്തൽ സ്റ്റോപ് മെമ്മോ നൽകി നിർത്തി വയ്പിച്ചു. വിലക്ക് ലംഘിച്ച് വീണ്ടും നികത്തൽ തുടരുന്നതായി ആക്ഷേപമുണ്ട്.



# ബയോ മൈനിങ് അവസാനഘട്ടത്തിലേക്ക്

**കൊല്ലം:** കുരീപ്പുഴ ചണ്ടി ഡിപ്പോയിലെ ബയോ മൈനിങ് പൂർത്തിയാകുന്നു. കൊച്ചി ബ്രഹ്മപുരത്തു മാലിന്യനിർമാർജനത്തിനു കരാറെടുത്ത സ്വകാര്യ കമ്പനി നേരത്തേ ഇവിടെ കരാർ എടുത്തെങ്കിലും ജോലി ചെയ്യാതെ പിന്മാറുകയായിരുന്നു. വീണ്ടും ടെൻഡർ വിളിച്ചാണു തമിഴ്നാട്ടിലെ ഈറോഡ് ആസ്ഥാനമായ സിഗ്മ ഗ്ലോബൽ എൺവയോ സൊല്യൂഷൻസ് എന്ന സ്വകാര്യ കമ്പനിക്കു കരാർ നൽകിയത്. ഈ മാസം 31നു മുൻപു മുഴുവൻ മാലിന്യവും നീക്കം ചെയ്യാനാണ് ശ്രമം.

മാലിന്യം തരം തിരിക്കുന്ന പ്രക്രിയ പൂർത്തിയായി. പ്ലാസ്റ്റിക് ഒഴികെയുള്ള വസ്തുക്കൾ ഇവിടെ നിന്നു നീക്കം ചെയ്തു. പ്ലാസ്റ്റിക് നീക്കം ചെയ്യുന്ന നടപടി തുടരുന്നു. മാലിന്യം നീക്കം ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിനു ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തവിട്ടിരുന്ന 8 കോടി രൂപ പിഴ ഇളവു ചെയ്തു.

അഞ്ചര ഏക്കർ സ്ഥലത്ത് കുന്നുകൂടി കിടന്ന ഒരു ലക്ഷത്തിലധികം ക്യുബിക് മീറ്റർ മാലിന്യമാണ് ശാസ്ത്രീയമായി വേർതിരിച്ചു നീക്കം ചെയ്തത്. 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് സിഗ്മ ഗ്ലോബൽ ബയോ മൈനിങ് നടത്തിയത്.

പ്ലാസ്റ്റിക് അടക്കം ജ്വലന സാധ്യതയുള്ള വസ്തുക്കൾ എല്ലാം വേർതിരിച്ചു സിമന്റു കമ്പനികളുടെ ചൂളകളിൽ ഇന്ധനമായി ഉപയോഗിക്കുകയായിരുന്നു. ദക്ഷിണ കൊറിയയിൽ നിന്നുള്ള നൂതന സാങ്കേതിക വിദ്യയു അത്യാധുനിക ഉപകരണങ്ങളും ഉപയോഗിച്ചാണ് പ്ലാസ്റ്റിക്, കല്ല്, മണ്ണ്, കോൺക്രീറ്റ് അവശിഷ്ടങ്ങൾ, തുണി, ടയർ, ലോഹ വസ്തുക്കൾ, തടി. ചില്ല്, ചെരിപ് എന്നിവ പ്രത്യേകം വേർതിരിച്ചു നീക്കം ചെയ്തത്.

# കെഎസ്ആർടിസി ബജറ്റ് ടൂറിസം ആലപ്പുഴ ജില്ലയ്ക്ക് 17 ബസുകൾ

**ആലപ്പുഴ:** അവധിക്കാലത്ത് കെഎസ്ആർടിസി ബജറ്റ് ടൂറിസത്തിനായി ജില്ലയിലേക്കെത്തുന്നത് 17 ബസുകൾ. ഇതിൽ രണ്ടെണ്ണം സംസ്ഥാനാന്തര യാത്രകൾക്കു വേണ്ടി ഉപയോഗിക്കും. ബജറ്റ് ടൂറിസം വഴി 2021 നവംബർ മുതൽ 2023 ഫെബ്രുവരി അവസാനം വരെയുള്ള ജില്ലയുടെ വരുമാനം ഒരു കോടി രൂപയാണ്. ഗവി ട്രിപ്പുകൾക്കാണു യാത്രക്കാരേറെ.

ഇതുവരെ 50 ട്രിപ്പുകളാണു ജില്ലയിൽ പൂർത്തിയായത്.1300 യാത്രക്കാർ സഞ്ചരിച്ചെന്നാണു കണക്ക്. സംസ്ഥാനത്ത് 225 ഗവി ട്രിപ്പുകളാണു നടത്തിയത്. 7700 പേർ ട്രിപ്പുകളുടെ ഭാഗമായി. ജില്ലയിൽ അടുത്ത ഗവി ട്രിപ്പുകൾ 16 മുതലാണ്.കായംകുളം, ഹരിപ്പാട്, മാവേലിക്കര, എടത്വ, ചേർത്തല, ചെങ്ങന്നൂർ ഡിപ്പോകളിൽ നിന്നു ബസുകളുണ്ട്. മാർച്ച് 11ന് ആലപ്പുഴ മലക്കപ്പാറ ട്രിപ്പും ചേർത്തല മാമലക്കണ്ടം ജംഗിൾ സഫാരിയും 12ന് ചേർത്തല മലക്കപ്പാറ ട്രിപ്പുമാണു സംഘടിപ്പിച്ചിട്ടുള്ളത്.

വനിതകൾക്കു മാത്രമായി ഹരിപ്പാട് ഡിപ്പോയിൽ നിന്ന് നാളെ ഗവിയിലേക്കും 11നു മാവേലിക്കര ഡിപ്പോയിൽ നിന്നു ഗവി കുമരകം ഹൗസ് ബോട്ട് കായൽ യാത്രയും സംഘടിപ്പിച്ചിട്ടുണ്ട്.രാജ്യാന്തര വനിതാദിനാഘോഷത്തിന്റെ ഭാഗമായാണു വനിതകൾക്കു വേണ്ടി മാത്രമായുള്ള വിനോദയാത്രാ ട്രിപ്പുകൾ. 12ന് അവസാനിക്കും



## ഐ. ടി. ഐയിൽ ജൂനിയർ ഇൻസ്ട്രക്ടർ

**തിരുവനന്തപുരം:** ചാക്ക ഗവ. ഐ.ടി. ഐയിൽ എംപ്ലോയബിലിറ്റി സ്കിൽ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവിലേക്ക് ഓപ്പൺ കാറ്റഗറിയിൽ താത്കാലിക നിയമനം നടത്തുന്നു.

ഉദ്യോഗാർഥികൾ മാർച്ച് 10ന് രാവിലെ 10.30ന് അസൽ സർട്ടിഫിക്കറ്റുമായി പ്രിൻസിപ്പൽ മുൻപാകെ ഇന്റർവ്യൂവിന് ഹാജരാകണം.

എസ്.എസ്.എൽ.സി, എം.ബി.എ/ബി.ബി.എ/ഡിഗ്രി സോഷ്യോളജി/ സോഷ്യൽ വെൽഫെയർ / ഇക്ണോമിക്സ് എന്നിവയാണ് യോഗ്യത. 12ാം ക്ലാസ്/ ഡിപ്ലോമ തലത്തിലും അതിനുമുകളിലും ഇംഗ്ലീഷ്/കമ്മ്യൂണിക്കേഷൻ കഴിവുകളും അടിസ്ഥാന കമ്പ്യൂട്ടറും പഠിച്ചിരിക്കണം.



# വേനൽ പച്ചക്കറിക്ക് നേടാം മികച്ച വിളവ്

ഇതു വേനൽ പച്ചക്കറിക്കൃഷിക്കാലം. മഴക്കാലത്തും പച്ചക്കറിക്കൃഷി ചെയ്യാറുണ്ടെങ്കിലും വേനൽക്കൃഷിയുടെ അത്ര മെച്ചമാവില്ല. രോഗ, കീട ബാധകളുടെ ആധിക്യവും മഴക്കെടുതികളും തന്നെ കാരണം.

പച്ചക്കറികൾ മിക്കതും നന്നായി വളരണമെങ്കിൽ നല്ല വെയിൽ വേണം. അതിനാൽ നല്ല വെയിൽ കിട്ടുന്നിടം തന്നെ കൃഷിക്കു തിരഞ്ഞെടുക്കണം. തുടർന്നു മണ്ണുപരിശോധന. എല്ലാ വർഷവും മണ്ണുപരിശോധന നടത്തുന്നതു നന്ന്. പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ വേണം വളപ്രയോഗം. പരിശോധനയിൽ മണ്ണിന്റെ അമ്ലതയോ ക്ഷാരതയോ എത്രയെന്നും അറിയാം. പാലക്കാട് ചിറ്റൂർ പ്രദേശത്തെ മഴനിഴൽ പ്രദേശമായ വടകരപ്പതി, എരുത്തേംപതി, കൊഴിഞ്ഞാംപാറ എന്നിവിടങ്ങളിൽ മാത്രമാണ് ക്ഷാരമണ്ണുള്ളത്.

അമ്ലത അല്ലെങ്കിൽ ക്ഷാരത കുറയ്ക്കലാണ് ആദ്യത്തെ കൃഷിപ്പണി. അമ്ലത കുറയ്ക്കാൻ കുമ്മായവസ്തുക്കൾ മണ്ണിൽ ചേർത്തു കിളച്ച് 10 ദിവസമെങ്കിലും നനച്ചിടണം. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ഒരു കിലോ മുതൽ 3 കിലോ വരെ കുമ്മായവസ്തുക്കൾ ഒരു സെന്റിൽ ചേർത്തു കൊടുത്താൽ അമ്ലത കുറയ്ക്കാം. കുമ്മായം, നീറ്റുകക്ക, ഡോളമൈറ്റ് എന്നിവയാണ് കുമ്മായവസ്തുക്കൾ. കുമ്മായവസ്തുക്കളിട്ട് 10 ദിവസം നന്നായും തുടർച്ചയായും നനച്ചാൽ മാത്രമേ മണ്ണിന്റെ പുളി അഥവാ അമ്ലത കുറയുകയുള്ളൂ. ക്ഷാരത കുറയ്ക്കാൻ ജിപ്സമാണ് മണ്ണിൽ ചേർക്കേണ്ടത്. അതിന്റെ അളവു നിർണയിക്കേണ്ടത് മണ്ണുപരിശോധനാ ഫലം അനുസരിച്ചാവണം.

കുമ്മായപ്രയോഗം നടത്തി 10 ദിവസത്തിനുശേഷമാണ് അടിവളങ്ങൾ നൽകേണ്ടത്. അടിവളമായി ജീർണിച്ചു പൊടിഞ്ഞ കംപോസ്റ്റ് വളങ്ങൾ മാത്രം നൽകുക. അസംസ്കൃത ജൈവവളങ്ങളായ ചാണകപ്പൊടി, പച്ചില വളം, ആട്ടിൻകാഷ്ഠം, കോഴിക്കാഷ്ഠം, പിണ്ണാക്കുകൾ, മറ്റു ജൈവവസ്തുക്കൾ എന്നിവ നേരെ മണ്ണിലിട്ടു കൊടുത്താൽ അവ ജീർണിച്ചു പോഷക മൂലകമാവാൻ മാസങ്ങൾ വേണ്ടിവരും. ജൈവവസ്തുക്കളെ മറ്റൊരിടത്തുവച്ച് ജീർണിപ്പിച്ച് പാകപ്പെടുത്തിയെടുക്കുന്ന വളമാണ് കംപോസ്റ്റ്. ഇതിൽ നിന്നു പോഷകമൂലകങ്ങൾ



വളരെ വേഗം സസ്യങ്ങൾക്കു വലിച്ചെടുക്കാനാവും. ഇതു സ്വന്തമായി ഉണ്ടാക്കണം. പലതരം കംപോസ്റ്റ് നമുക്കുതന്നെ തയാറാക്കാം. മണ്ണിര കംപോസ്റ്റ്, ഇഎം കംപോസ്റ്റ്, ട്രൈക്കോഡെർമ കംപോസ്റ്റ് എന്നിവയൊക്കെ നല്ല വളങ്ങളാണ്.

ഇനി ശ്രദ്ധിക്കേണ്ടത് വിത്തു തിരഞ്ഞെടുക്കലാണ്. വിപണിയിൽ വേഗം വിറ്റഴിയുന്ന ഇനങ്ങൾ തന്നെ നല്ലത്. ഉദാഹരണത്തിന് പടവലം നീളൻ, ഇടത്തരം, ചെറുത് എന്നിങ്ങനെയുണ്ടല്ലോ? ഓരോ പ്രദേശത്തിനും പ്രിയപ്പെട്ടത് ഏതെന്ന് കണ്ടെത്തി അതു കൃഷി ചെയ്യുക. മേൽത്തരം, സങ്കരം എന്നിങ്ങനെ വിത്തുകളുണ്ട്. കേരള കാർഷിക സർവകലാശാല, കൃഷിഭവൻ, വിത്തു കമ്പനികൾ എന്നിവ വഴി നല്ല വിത്തുകൾ ലഭിക്കും.

വിത്തിനെക്കാൾ തൈകൾ നടുന്നതാണ് എളുപ്പം. ഇപ്പോൾ നല്ലയിനം പച്ചക്കറി തൈകൾ വാങ്ങാൻ കിട്ടും. തൈകൾ പ്രോട്രേകളിലോ പേപ്പർ ഗ്ലാസുകളിലോ സ്വയം ഉണ്ടാക്കുന്ന പക്ഷംചെലവു കുറയ്ക്കുകയും ചെയ്യാം. ട്രേയിൽ വിത്തു പാകുന്നതിന് നടീൽ മിശ്രിതമായി തുല്യ അളവിൽ ചാണകപ്പൊടിയും ചകിരിച്ചോറും കൂട്ടിക്കലർത്തി ഉപയോഗിക്കാം. വിത്തുകൾ കുതിർത്തു പാകണം. കട്ടി കൂടിയ വിത്തുകൾ 8,10 മണിക്കൂറും കട്ടി കുറഞ്ഞ തോടുള്ള വിത്തുകൾ 3,4 മണിക്കൂറും മാത്രം കുതിർക്കുക. വിത്തുപാകിയ പ്രോട്രേ ഒന്നുരണ്ടു ദിവസം മൂടിവച്ചാൽ പെട്ടെന്നു മുളയ്ക്കും. മുളച്ച തൈകൾ അൽപാൽപം വെയിലിൽവച്ച് വെയിലിൽ വാടാത്ത പരുവമെത്തിയ തൈകൾ മാത്രം നടുക. വിത്ത് കുതിർക്കാൻ ഉപയോഗിക്കുന്ന വെള്ളത്തിൽ ഒരു ലീറ്റർ വെള്ളത്തിന് 20 ഗ്രാം സ്യൂഡോമോണാസ് ഇളക്കിച്ചേർത്താൽ രോഗങ്ങളെ പ്രതിരോധിക്കാം.

കൃഷി തുടങ്ങും മുൻപുതന്നെ ജൈവ സസ്യസംരക്ഷണ മരുന്നുകളായ പഞ്ചഗവ്യം, ദശഗവ്യം, മത്സ്യഗവ്യം, ജീവാമൃതം, ഇലക്കഷായങ്ങൾ എന്നിവയൊക്കെ തയാറാക്കിവയ്ക്കാം. പച്ചക്കറികൾക്കു വരാവുന്ന കീടങ്ങളെ തുരത്താനായി ബ്യൂവേറിയ, വെർട്ടിസീലിയം എന്നിവയുടെ കൾച്ചറുകൾ വാങ്ങിവയ്ക്കാം. 20 ഗ്രാം ബ്യൂവേറിയ ഒരു ലീറ്റർ വെള്ളത്തിൽ കലക്കി ഇടയ്ക്കിടെ തളിച്ചുകൊടുത്താൽ മുഞ്ഞ, ചാഴി, ഇലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ, ശലഭപ്പുഴുക്കൾ എന്നിവയെ നിയന്ത്രിക്കാം. വെർട്ടിസീലിയം 20 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ കലക്കി തളിച്ചാൽ വെള്ളീച്ച, മീലിമൂട്ട, ശൽക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാം. അഴുകൽ, വാട്ടം, മഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങൾ വരാതിരിക്കാൻ സ്യൂഡോമോണാസ് ഫ്ലൂറസൻ!സ് എന്ന ബാക്ടീരിയ കൾച്ചർ 20 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ ചേർത്ത് ഇടയ്ക്കിടെ പ്രയോഗിക്കാം. ഇവയുടെ ലായനികളും ലഭ്യമാണ്. ലായനിയാണെങ്കിൽ 10 മില്ലി ഒരു ലീറ്റർ വെള്ളം എന്നാണ് കണക്ക്.

മിത്രാണുക്കൾ ഉപയോഗിക്കുന്നതിന് 2 ദിവസം മുൻപോ കഴിഞ്ഞോ ചാരമോ, രാസവളങ്ങളോ ഇടരുത്. മിത്രാണു കൾച്ചറുകൾ വെയിൽ താഴ്ന്നതിനുശേഷം മാത്രം പ്രയോഗിക്കുക. ഓരോ മിത്രാണു കൾചർ പ്രയോഗത്തിനും നിശ്ചിത ഇടവേള നൽകണം. അതായത്, ബ്യൂവേറിയ പ്രയോഗിച്ച് ഒരാഴ്ചയെങ്കിലും കഴിഞ്ഞു മാത്രം വെർട്ടിസീലിയം. അതു കഴിഞ്ഞ് ഒരാഴ്ചയ്ക്കുശേഷം സ്യൂഡോമോണാസ്.

## മിറക്കിൾ ഫ്രൂട്ട് പുതുമയുമുള്ള പഴവർഗം

മിറക്കിൾ ഫ്രൂട്ട് എന്ന പഴവർഗത്തെ ഇന്ന് ലോകം ശ്രദ്ധിക്കുകയാണ്. ഈ പഴം കഴിച്ചാൽ പിന്നീട് കഴിക്കുന്ന പുളിയുള്ള ഭക്ഷണസാധനത്തെ മിനിറ്റുകൾക്കകം മധുരമുള്ളതാക്കി മാറ്റാനുള്ള പ്രത്യേക കഴിവ് ഈ പഴത്തിനുണ്ട് എന്നതാണ്. ശാസ്ത്രീയനാമം സിൻസേപാലം ഡൾസിഫിക്കം എന്നാണ്.



പഴത്തിലടങ്ങിയ ഗ്ലൈക്കോപ്രോട്ടീനാണ് ഈ അസാധാരണ മാറ്റത്തിനു കാരണം. രുചിമുകുളങ്ങളിലെ റിസപ്റ്ററുകളുമായി ഇവ ബന്ധംവയ്ക്കുന്നതിനാൽ പുളിയുള്ള ഭക്ഷണങ്ങൾക്ക് മധുരമായ രുചിഭേദം സംഭവിക്കുന്നു. ജപ്പാനിലെ കെൽസോകുരിഹാര എന്ന ശാസ്ത്രജ്ഞനാണ് ഇതിന്റെ ശാസ്ത്രവശം കണ്ടെത്തിയത്. ഈ അവസ്ഥ 30 മിനിറ്റുമുതൽ രണ്ടു മണിക്കൂർവരെ നീണ്ടുനിൽക്കും. ക്രമേണ മധുരം തീവ്രത കുറഞ്ഞുവരും. ഇങ്ങനെ അസിഡിറ്റിയുള്ള ഭക്ഷണത്തെ മധുരമാക്കി മാറ്റുന്ന അപൂർവമായ പ്രകൃതിയുടെ സൃഷ്ടിയെന്ന നിലയിൽക്കൂടിയാണ് ഇത് ശ്രദ്ധിക്കുന്നത്.

ജന്മദേശം പശ്ചിമാഫ്രിക്കയാണ്. എന്നാൽ, ഇന്ന് ലോകത്തിലെ എല്ലാ ഭാഗത്തും ഇത് വ്യാപിച്ചുവരുന്നുണ്ട്. ഇല പൊഴിയാത്തതും അഞ്ചര മീറ്റർവരെ ഉയരത്തിൽ വളരുന്നതുമായ ചെറുമരമാണ് ഇത്. അണ്ഡാകാരത്തിലുള്ള ഇലകളുടെ അടിവശത്ത് മെഴുകു പോലെയുണ്ടാകും. ഇലയുടെ അരികുകൾ മിനുസമുള്ളതാണ്. ശാഖകളുടെ അറ്റത്തുനിന്നാണ് ഇലകളുണ്ടാകുക. രണ്ടുമൂന്ന് സെന്റി മീറ്റർ വലുപ്പമുള്ള പൂക്കളുടെ നിറം വെളുപ്പാണ്. ശാഖയുടെ അറ്റത്ത് ചുരുളായി പൂക്കൾ ഉണ്ടാകും. പഴത്തിന്റെ നിറം ചുവപ്പാണ്, 0.8 മുതൽ 1.2 വരെ ഇഞ്ച് വലുപ്പമുണ്ടാകും. അകത്ത് കാപ്പിക്കുരുവിന് സമാനമായ വിത്തുണ്ടാകും. ആദ്യം പുളിയുണ്ടാകും. പിന്നീട് മധുരമുള്ളതായിത്തീരും. അതുകൊണ്ട് സ്വീറ്റ് ബെറിയെന്നും ഇതിന് പേരുണ്ട്. എങ്കിലും മിറക്കിൾ ഫ്രൂട്ട് എന്നാണ് അറിയപ്പെടുന്നത്. പഴത്തിന്റെ പൾപ്പാണ് കഴിക്കുക. ധാരാളം പോഷകങ്ങളുണ്ട്.

മിറക്കിൾ ഫ്രൂട്ടിന് പറ്റിയതാണ് നമ്മുടെ മണ്ണ്. അമ്ലരസ പ്രധാനമുള്ള മണ്ണാണ് വേണ്ടത്. വിത്തുപാകി തൈകളുണ്ടാക്കി നടാം. ജൈവവളം ചേർത്ത് പരിചരിക്കാം. മൂന്നാലുവർഷംകൊണ്ട് കായ്ക്കും. മഴ അവസാനിക്കുമ്പോഴാണ് സാധാരണ കായ്ക്കുക. കൊല്ലത്തിൽ രണ്ടു തവണ വിളവുണ്ടാകും. ഈ പുതുമയാണ് ആളുകൾ മിറക്കിൾ ഫ്രൂട്ടിനെ ഇഷ്ടപ്പെടുന്നത്.

## കനത്ത ചൂടിലേക്ക് കാർഷികമേഖല

രാജ്യം കടുത്ത വേനലിലേക്കു തിരിയുകയാണ്, കാർഷികോൽപാദനം വർഷത്തിന്റെ രണ്ടാം പകുതിയിൽ കുറയുമെന്ന കാര്യം ഏതാണ്ട് വ്യക്തമായി. തെക്കൻ കർണാടകവും തമിഴ്നാടിന്റെ പടിഞ്ഞാറൻ ഭാഗവും ഉഷ്ണതരംഗത്തിന്റെ പിടിയിലേക്കു വഴുതുമ്പോൾ ഇതിനിടയിൽ കേരളം വെന്തുരുകാം. കാർഷിക മേഖല പ്രതിസന്ധി മറികടക്കണമെങ്കിൽ യുദ്ധകാലടിസ്ഥാനത്തിൽ ഉണർന്ന് പ്രവർത്തിക്കാൻ സംസ്ഥാന സർക്കാർ തയാറാവേണ്ടിയിരിക്കുന്നു.

നാളികേരം, റബർ മേഖലയെ അപേക്ഷിച്ച് സുഗന്ധവ്യഞ്ജനങ്ങൾ വരൾച്ചയ്ക്കു മുന്നിൽ നിലനിൽപ്പ് ഭീഷണിയെ അഭിമുഖീകരിക്കേണ്ടി വരാം. വേണ്ടത്ര ജലസേചന സൗകര്യങ്ങൾ കാർഷിക മേഖലയ്ക്ക് സംഭാവന ചെയ്യാൻ കൃഷി വകുപ്പ് അമാന്തിച്ചു നിന്നാൽ കുരുമുളക്, ഏലം, കാപ്പിയെന്ന് വേണ്ട ആഭ്യന്തര വിദേശ വിപണികളിൽ പ്രിയമേറിയ നമ്മുടെ ഉൽപ്പന്നങ്ങൾ കനത്ത തിരിച്ചടിയെ അഭിമുഖീകരിക്കും. ആ പ്രത്യാഘാതത്തിൽ നിന്നുള്ള തിരിച്ചുവരവിന് രണ്ടു വർഷമെങ്കിലും വേണ്ടിവരും. എൺപതുകളുടെ തുടക്കത്തിൽ കേരളം നേരിട്ട വരൾച്ചയിലും വലിയ പ്രതിസന്ധിയെയാവും ഇക്കുറി നേരിടേണ്ടിവരിക.

എൽനിനോ പ്രതിഭാസം തെക്ക് പടിഞ്ഞാറൻ കാലവർഷത്തിനെ സ്വാധീനിക്കാൻ തന്നെയാണ് സാധ്യത. അതായത് മഴയുടെ അളവ് കാലവർഷത്തിന്റെ രണ്ടാം പകുതിയിൽ കുറയാൻ ഇടയുണ്ട്. പകൽ താപനില ഇതിനകം തന്നെ പതിവിലും ഉയർന്നു, 122 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന പകൽ ചൂടിനെ രാജ്യം അഭിമുഖീകരിച്ചു. ഭൂമിയിലെ ജലാംശംതോത് കുറയുന്നത് കാർഷിക വിളകളുടെ നിലനിൽപ്പിനെ തന്നെ അവതാളത്തിലാക്കാം. വേനൽ മഴ ഇനിയും കടന്നുവന്നിട്ടില്ല. ശ്രീലങ്കൻ തീരത്ത് മഴ മേഘങ്ങളുണ്ടെങ്കിലും അവയും കേരളത്തിന്റെ ദാഹം അകറ്റാൻ മാത്രം ശക്തമല്ല.



## ഹീമോഗ്ലോബിൻ പരിശോധനയും സിഗ്നേച്ചർ ക്യാമ്പയിനും സംഘടിപ്പിച്ചു

അന്തർദേശീയ വനിതാദിനത്തോടനുബന്ധിച്ച് കളക്ട്രേറ്റിൽ വനിതാ ജീവനക്കാർക്കായി ഹീമോഗ്ലോബിൻ പരിശോധന സംഘടിപ്പിച്ചു. വിവകേരളം കാമ്പയിന്റെ പ്രചരണാർത്ഥം ജില്ലാമെഡിക്കൽ ഓഫീസ് (ആരോഗ്യം), ആരോഗ്യ കേരളം പത്തനംതിട്ട എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിശോധനയും, സിഗ്നേച്ചർ കാമ്പയിനും ജില്ലാകളക്ടർ ഡോ.ദിവ്യ എസ് അയ്യർ ഉദ്ഘാടനം ചെയ്തു. സ്ത്രീകളുടെ ആരോഗ്യം കുടുംബത്തിന്റെയും സമൂഹത്തിന്റെയും പുരോഗതിയിൽ നിർണായകമാണെന്നും എല്ലാവരും വിവകേരളം ക്യാമ്പയിനിൽ പങ്കാളികളാകണമെന്നും കളക്ടർ പറഞ്ഞു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എൽ.അനിതകുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എസ്.ശ്രീകുമാർ, ജില്ലാ മാസ് മീഡിയ ഓഫീസർ ടി.കെ അശോക് കുമാർ, ആരോഗ്യ വകുപ്പ് ദേശീയ ആരോഗ്യ ദൗത്യം ജീവനക്കാർ, നഴ്സിംഗ് കോളജ് വിദ്യാർഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സിവിൽ സ്റ്റേഷനിലെ വിവിധ വകുപ്പുകളിലെ 170 പേരുടെ ഹീമോഗ്ലോബിൻ നില പരിശോധിക്കുകയും വിളർച്ച കണ്ടെത്തിയവർക്ക് പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

## ഉദ്ഘാടനം നടത്തി

കേരള സർക്കാർ ഫിഷറീസ് വകുപ്പ് സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് 202223 സാമ്പത്തികവർഷം തൃശ്ശൂർ ജില്ലയ്ക്ക് 33 യൂണിറ്റുകൾ അനുവദിച്ചു. വനിതാ ദിനത്തിനോടനുബന്ധിച്ച് എറിയാട് ഗ്രാമപഞ്ചായത്തിലെ അഴീക്കോട് പുത്തൻപള്ളി പ്രദേശത്ത് ജില്ലയിലെ ആദ്യ യൂണിറ്റായ 'സഫ' സാഫ് ആക്ടിവിറ്റി ഗ്രൂപ്പ് (ടെയ്‌ലറിംഗ് ആൻഡ് ഗാർമെന്റ്സ് കാറ്റഗറി) ഉദ്ഘാടനം ചെയ്തു. എറിയാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് പ്രസീന റാഫി ചടങ്ങിന്റെ ഉദ്ഘാടനം ചെയ്തു.




### അന്താരാഷ്ട്ര വനിതാ ദിനം

# ജി.എസ്. സ്മിതയ്ക്ക് എയർ ഇന്ത്യ എക്സ്പ്രസിന്റെ ആദരവ്

**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് വനിതാ ആർട്ടിസ്റ്റ് ജി.എസ്. സ്മിതയെ ആദരിക്കുന്നതിനായി എയർ ഇന്ത്യ എക്സ്പ്രസ് കലാ അനുമോദന സായാഹ്നം സംഘടിപ്പിച്ചു.

കൊച്ചി ബിനാലെയിലെ സ്മിതയുടെ ഏറ്റവും പുതിയ പെയിൻറിങ് എയർ ഇന്ത്യ എക്സ്പ്രസിന്റെ ബോയിങ് 737800 വിമാനത്തിൻറെ ടെയിൽ ആർട്ട് ആയി പതിപ്പിച്ചിരുന്നു. ഈ ടെയിൽ ആർട്ടിന്റെ പകർപ്പ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ ടെർമിനൽ മുന്നിൽ ഇൻസ്റ്റാൾ ചെയ്തു. കൊച്ചി ബിനാലെ ഫൗണ്ടേഷൻ പ്രസിഡൻറ് ബോസ് കൃഷ്ണമാചാരി മുഖ്യാതിഥിയായി. എയർ പോർട്ട് ഡയറക്ടർ മനു ജി പങ്കെടുത്തു.

എയർ ഇന്ത്യ എക്സ്പ്രസിൻറെ ഓരോ വിമാനത്തിൻറേയും വാൽ ഭാഗം ഇന്ത്യൻ കലയുടേയും സംസ്ക്കാരത്തിൻറേയും പൈതൃകത്തിൻറേയും ചില ഘടകങ്ങൾ ഉൾക്കൊള്ളിച്ചുള്ള 25 അടി നീളമുള്ള കാൻവാസാണ്.

ഈ ഓരോ ടെയിലും ഒരോ കഥകൾ പറയുകയാണ്. എയർ ഇന്ത്യ എക്സ്പ്രസിൻറെ ബോയിങ് 737800 വിടിഎഎക്സ്എൻ വിമാനത്തിലുള്ള ടെയിൽ ആർട്ട് എയർലൈനും കലയുമായുള്ള ബന്ധം ആഘോഷിക്കുകയും കൊച്ചി മുസരിസ് ബിനാലെയുടെ 2023 പതിപ്പിനെ ആകാശങ്ങളിലേക്ക് എത്തിക്കുകയുമാണ്.

ജി എസ് സ്മിതയുടെ ഒറിജിനൽ അക്രലിക് പെയിൻറിങാണ് ടെയിൽ ആർട്ട് ആയി സ്വീകരിച്ചത്. ഓർമകൾ, വർണാഭമായ ഭൂപ്രകൃതി, അതിലെ സൂക്ഷ്മ ജീവികൾ, സമുദ്ര ജീവികൾ തുടങ്ങിയവയിലൂടെ സമാന്തര പ്രയാണം നടത്തുകയാണ് ഈ പെയിൻറിലൂടെ കലാകാരി ചെയ്യുന്നത്.

## കൊച്ചി മെട്രോ രണ്ടാം ഘട്ടം; റൂട്ടിൽ പരിശോധന നടത്തി

**കൊച്ചി:** കൊച്ചി മെട്രോ രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനു മുന്നോടിയായി മെട്രോ അലൈൻമെന്റ് വരുന്ന റൂട്ടിൽ ഗതാഗതകുരുക്ക് ഒഴിവാക്കുവാനും ഗതാഗതം സുഗമമാക്കുവാനുമായുള്ള ബദൽ റൂട്ടുകൾ നിശ്ചയിക്കുന്നതിനായി പരിശോധന നടന്നു. മെട്രോ റെയിൽ ഉദ്യോഗസ്ഥരോടൊപ്പം പൊലീസ്, മോട്ടോർ വാഹന വകുപ്പ്, തൃക്കാക്കര നഗരസഭ, ജിസിഡിഎ ഉദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു. അലൈൻമെന്റ്, ബദൽ റൂട്ടുകൾ എന്നിവ കണക്കാക്കുവാനായി LiDar ഡ്രോൺ സർവ്വേയും മുൻപ് നടത്തിയിരുന്നു. വിശദമായ റിപ്പോർട്ട് ജനപ്രതിനിധികളുടെ മുൻപാകെ ചർച്ചയ്ക്കായി സമർപ്പിക്കുമെന്ന് കൊച്ചി മെട്രോ റെയിൽ അധികൃതർ അറിയിച്ചു. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപായി ബദൽ റൂട്ടുകൾ ജനങ്ങളെ അറിയിക്കാനുള്ള നടപടികളും കൊച്ചി മെട്രോ സ്വീകരിക്കും.

## ഫാഷൻ ഡിസൈനിങ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിട നിർമ്മാണം ആരംഭിച്ചു

വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്ങിനായി 50 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന ആധുനിക കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിനായി 50 ലക്ഷം രൂപ അനുവദിക്കുകയായിരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരമുള്ള ലാബുകൾ അടങ്ങിയ ആധുനിക കെട്ടിടമാണ് നിർമ്മിക്കുന്നത്.

സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎയുടെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അധ്യാപകർ, വടക്കാഞ്ചേരി നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ, വടക്കാഞ്ചേരി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജനപ്രതിനിധികൾ എന്നിവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടത്തിന്റെ പ്ലാനും സ്ഥലവും നിശ്ചയിക്കുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

# ജി20 ഉച്ചകോടി സമ്മേളനം: കുമരകം റോഡ് മുഖം മിനുക്കുന്നു

**കുമരകം:** ജി20 ഉച്ചകോടിയുടെ ഭാഗമായുള്ള രാജ്യാന്തര ഉദ്യോഗസ്ഥ സമ്മേളനത്തോടനുബന്ധിച്ചു കുമരകം റോഡ് മുഖം മിനുക്കുന്നു. 10 കോടി രൂപ ചെലവിലാണു നവീകരണം. റോഡരികിലെ കാടു വെട്ടൽ, സീബ്രാലൈൻ പുതുക്കി വരയ്ക്കൽ, പുതിയ ദിശാബോർഡുകൾ സ്ഥാപിക്കൽ, കുഴിയടയ്ക്കൽ എന്നിവയെല്ലാം വേഗത്തിൽ പുരോഗമിക്കുകയാണ്. തണ്ണീർമുക്കം ബണ്ട് മുതൽ ഇല്ലിക്കൽ വരെയാണു നവീകരണം.

കുമരകം പഞ്ചായത്ത് പരിധിയിലെ പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും അനധികൃതമായ ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ തുടങ്ങിയവ സ്ഥാപിച്ചിട്ടുള്ളവർ ഉടൻ നീക്കം ചെയ്യണമെന്നു പഞ്ചായത്ത് നിർദേശം നൽകി. കുമരകം, അയ്മനം, ആർപ്പൂക്കര ഭാഗത്തു കൂടി പോകുന്ന ഭാഗത്തു പ്രകാശം കൂടിയ ലൈറ്റുകളും സ്ഥാപിക്കും. ശുചീകരണ പ്രവർത്തനങ്ങളും അടുത്ത ദിവസം മുതൽ തുടങ്ങും. പ്രതിനിധികൾ താമസിക്കുന്ന ഹോട്ടലുകളിലും റിസോർട്ടുകളിലും കൂടുതൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കും. അടിയന്തര ഘട്ടത്തിൽ ആംബുലൻസ് ഉപയോഗിക്കുന്നതിനു ശക്തീശ്വരം റോഡ് ഗതാഗതയോഗ്യമാക്കാനും നടപടിയായി.

രാജ്യാന്തര സമ്മേളനത്തിന്റെ ഭാഗമായി കെടിഡിസിയിൽ പണിയുന്ന കൺവൻഷൻ സെന്ററിന്റെ നിർമാണം 15നുള്ളിൽ പൂർത്തിയാകും. 10 കോടി രൂപ ചെലവിലാണു നിർമാണം. 600 പേർക്ക് ഇരിക്കാം. ഉച്ചകോടി കഴിയുന്നതോടെ കൺവൻഷൻ സെന്റർ കെടിഡിസി വാടകയ്ക്കു നൽകും. വിവാഹം, കോൺഫറൻസ് തുടങ്ങിയവയ്ക്കായി ഇപ്പോൾ തന്നെ ബുക്കിങ് ഉണ്ട്. കെടിഡിസി വാട്ടർ സ്കേപ് തോടും മോടി കൂട്ടുന്നുണ്ട്. ആഴം കൂട്ടി ഇരുവശവും കയർ പരവതാനി വിരിച്ചു.

കരയിൽ ചെടികൾ വയ്ക്കും. കെടിഡിസി കവാടത്തിനു സമീപത്തെ ബോട്ട് ജെട്ടിയിൽ നിന്നു ശിക്കാര വള്ളത്തിൽ കയറുന്ന പ്രതിനിധികളെ തോട്ടിലൂടെ കൊണ്ടുപോയി കായൽ വഴി കൺവൻഷൻ സെന്ററിൽ എത്തിക്കും.



# വിമർശനവും വിചിന്തനവുമില്ലാത്ത വിജ്ഞാനശാഖകൾ മുരടിക്കും : വൈസ് ചാൻസിലർ ഡോ.എം.വി.നാരായണൻ




**കൊച്ചി:** വിജ്ഞാനം വികാസമില്ലാതെ പരിമിതപ്പെട്ട് പോകുന്നത് അഭികാമ്യമല്ലെന്നും ഏത് മേഖലയിലായാലും അത് കേടുപാടുണ്ടാക്കുമെന്നും കാലടി സംസ്കൃതസർവ്വകലാശാല വൈസ് ചാൻസിലർ ഡോ.എം.വി.നാരായണൻ. സർവ്വകലാശാലയിൽ 'ഇൻഡോളജിക്കൽ ഗവേഷണത്തിന്റെ പുതിയ ചക്രവാളങ്ങൾ' എന്ന പേരിൽ ബുധനാഴ്ച്ച ആരംഭിച്ച ത്രിദിന രാജ്യാന്തര ശിൽപശാലയിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ വിജ്ഞാനശാഖകളും പണ്ഡിതൻമാരും വിമർശനത്തിന് വിധേയമാണെന്നും അതില്ലാത്തവ വിജ്ഞാനത്തിൽ നിന്ന് അകന്നുപോയിക്കൊണ്ടിരിക്കുമെന്നും പ്രൊഫസർ എം. വി. നാരായണൻ ചൂണ്ടിക്കാട്ടി. സംസ്കൃതം പോലെയുള്ള ഒരു വിജ്ഞാനവൃന്ദത്തിന് അതിലെ സാധ്യതകൾ മറ്റ് മേഖലകളിലേക്ക് വ്യാപിപ്പിക്കാം. അതുപോലെ തന്നെ മറ്റ് മേഖലകളുമായി ഈ വിജ്ഞാനത്തെ ചേർത്തുനിർത്തുന്ന സാധ്യതകൾ പരിശോധിക്കാമെന്നും എംവി നാരായണൻ പറഞ്ഞു. സാഹിത്യകൃതികളെ ചരിത്രാവബോധത്തോടെ സമീപിക്കുന്നവരാണ് ചരിത്രകാരൻമാരെന്നും സാഹിത്യാസ്വാദകർക്ക് കണ്ടെത്താനാകാത്ത വസ്തുതകൾ അവർ കണ്ടെത്തുമെന്നും ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ഡോ. കേശവൻ വെളുത്താട്ട് പറഞ്ഞു. ഇതിഹാസവും കാവ്യവും വ്യത്യാസപ്പെടുന്നത് എങ്ങനെയാണെന്ന് മനസിലാക്കാൻ ചരിത്രാവബോധത്തോടെയുള്ള വായന സഹായിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യൻ വിജ്ഞാനശാഖകളെ ഗൗരവത്തോടെ കാണുന്നതും പഠിക്കുന്നതും വിദേശികളാണെന്ന് ചടങ്ങിൽ സംസാരിച്ച ഡോ.സി.എം. നീലകണ്ഠൻ ഓർമിപ്പിച്ചു. എല്ലാ മേഖലകളിലും ആധുനിക കാഴ്ച്ചപ്പാടുകളിലുള്ള പുതിയ വ്യാഖ്യാനങ്ങൾ ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.ഫിൻലാൻഡ് വാസ യൂണിവേഴ്സിറ്റി മുൻ പ്രൊഫസറും തീയേറ്റർ ആർട്ടിസ്റ്റുമായ ഡോ. മായ തൻബർഗ് രാജ്യാന്തര ശിൽപശാല ഉദ്ഘാടനം ചെയ്തു. സംസ്കൃത സാഹിത്യവിഭാഗം അധ്യക്ഷ കെ.ആർ ഡോ. അംബിക ,ഡോ.കെ.വി. അജിത്കുമാർ സംസാരിച്ചു. കാലടി സംസ്കൃതസർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ.ധർമരാജ് അടാട്ട് രചിച്ച 'ഇന്ത്യൻ സംസ്കാരത്തിന്റെ ബഹുസ്വരത' എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്തു. കൊറിയോഗ്രാഫറും പെർഫോമിംഗ് ആർട്ടിസ്റ്റുമായ ജിയോവന്ന സമ്മോ, ഡോ.നിർമല കുൽക്കർണി (പൂനെ യൂണിവേഴ്സിറ്റി), ഡോ.കെപി ശ്രീദേവി, ഡോ.കെ.കെ.ഗീതാകുമാരി, ഡോ.ജസ്റ്റിൻ ജോർജ് തുടങ്ങിയവർ ശിൽപശാലയിൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. വരും ദിവസങ്ങളിൽ അന്താരാഷ്ട്ര അക്കാദമിക് വിദഗ്ധരും കലാകാരൻമാരും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്യും. മാർഗി മധു, ഡോ.ആർഎൽവി രാമകൃഷ്ണൻ തുടങ്ങിയവരും ശിൽപ്പശാലയിൽ പങ്കെടുക്കും. വൈകിട്ട് അഞ്ച് മുതൽ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന കലാസാംസ്കാരിക പരിപാടികൾ അരങ്ങേറും.

## അന്താരാഷ്ട്ര വനിതാ ദിനം

## വനിതകൾക്ക് ആദരവുമായി ഇൻഫോപാർക്ക്



**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനത്തിൽ വനിതാ സംരംഭകരെയും വിവിധ കമ്പനികളുടെ നേതൃനിരയിലുള്ള വനിതകളെയും ദീർഘകാലമായി സേവനമനുഷ്ഠിക്കുന്ന വനിതാ ജീവനക്കാരെയും ആദരിച്ച് ഇൻഫോപാർക്ക്. ഇൻഫോപാർക്ക് അതുല്യ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ 20 വനിതാകളെയാണ് ഇൻഫോപാർക്കിന്റെ നേതൃത്വത്തിൽ ആദരിച്ചത്. ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ അധ്യക്ഷനായ ചടങ്ങിൽ ദി ഇൻഡസ് ഓൺട്രപ്രീണിവേഴ്സ് (ടൈ) കേരളാ പ്രസിഡന്റ് അനീഷ ചെറിയാൻ മുഖ്യാതിഥിയായി. ടി.സി.എസ്, എൻ.ജി.എം ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സർവീസസ് സ്ട്രാറ്റജിക് ഇനിഷ്യേറ്റീവ്സ് ഹെഡ് സുജാത മാധവ് ചന്ദ്രൻ വിശിഷ്ടാതിഥിയായി. ഭാരത് മാതാ കോളേജ് അധ്യാപിക മഞ്ജു മാലതി ഡിജിറ്റ് ഓൾ; സാങ്കേതികവിദ്യയും ഇന്നവേഷനും ലിംഗ തുല്യതയ്ക്ക് എന്ന വിഷയത്തിൽ സംസാരിച്ചു. കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ വി. വിനീത,ഇൻഫോപാർക്ക് മാനേജർ (അഡ്മിനിസ്ട്രേഷൻ) റെജി കെ. തോമസ് സംസാരിച്ചു.വനിതാ ദിനത്തോടനുബന്ധിച്ച് കൊച്ചി കലൂരിൽ പ്രവർത്തിക്കുന്ന ഇൻഫോപാർക്ക് ടെക്നോളജി ബിസിനസ് സെന്ററിൽ വനിതാ ജീവനക്കാരെ ആദരിച്ചു. കൂടാതെ, വിവിധ മത്സരങ്ങളും കലാപരിപാടികളും സംഘടിപ്പിച്ചു

## വനിതകൾക്കായി മിഡ് നൈറ്റ് ഈറ്റ് ഔട്ട് ഒരുക്കി ഹയാത്ത് റീജൻസി



**തിരുവനന്തപുരം:** അന്താരാഷ്ട്ര വനിതാ ദിനത്തിൽ വനിതകൾക്കായി മിഡ് നൈറ്റ് ഈറ്റ് ഔട്ട് സംഘടിപ്പിച്ച് ഹയാത്ത് റീജൻസി തിരുവനന്തപുരം. സ്ത്രീകൾക്ക് സ്വതന്ത്രമായി അർദ്ധരാത്രിയിൽ പുറത്തിറങ്ങി ഭക്ഷണം ആസ്വദിക്കുവാനും, സുഹൃത്തുക്കളുമൊത്ത് വിനോദങ്ങളിലേർപ്പെടാനുമുള്ളൊരു അവസരമെന്ന നിലയിലാണ് 'വണ്ടർ വുമൺ ഓഫ് ദി ക്യാപിറ്റൽ' എന്ന് പേരിട്ടിരിക്കുന്ന പരിപാടി ഒരുക്കിയത്.ഏത് സമയത്തും തങ്ങളോടൊപ്പം ഭക്ഷണം ആസ്വദിക്കാൻ ക്ഷണിച്ചുകൊണ്ട് ഹോട്ടൽ മുന്നോട്ട് വയ്ക്കുന്ന പ്രസ്താവനയായിരുന്നു മിഡ് നൈറ്റ് ഈറ്റ് ഔട്ട്. ഭക്ഷണപ്രേമികൾക്കായി സ്വാദിഷ്ടമായ വിഭവങ്ങളോടൊപ്പം ആകർഷകമായ ഗെയിമുകളും തയ്യാറായിരുന്നു. സ്ത്രീകൾക്ക് ഏത് സമയത്തും കടന്ന് വരാവുന്ന ഒരു സ്ത്രീ സൗഹൃദ ഇടമാണ് ഹയാത്ത് റീജൻസി തിരുവനന്തപുരമെന്ന് ഹോട്ടൽ വൃത്തങ്ങൾ വ്യക്തമാക്കി.

## കായിക ക്ഷമത പരീക്ഷ 10 ന്

**കൊച്ചി:** കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം ജില്ലാ ഓഫീസ്, ഫയർ വുമൺ (ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്) (കാറ്റഗറി നമ്പർ 245/2020) തസ്തികയുടെ തിരഞ്ഞെടുപ്പിന്റെ ഭാഗമായി 2023 ജനുവരി 17, 18, 19 തീയതികളിൽ ചോറ്റാനിക്കര ജിവിഎച്ച്എസ്എസ് ഗ്രൗണ്ടിൽ നടത്തിയ കായിക ക്ഷമതാ പരീക്ഷയിൽ പങ്കെടുത്ത് വിജയിച്ച ഉദ്യോഗാർത്ഥികൾക്കുള്ള നീന്തൽ പരീക്ഷ മാർച്ച് 10ന് തൃശൂർ ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് അക്കാദമിയിൽ നടത്തും. അർഹരായ ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ംംം.സല്യമഹമുരെ. ഴീ.ശി വെബ് സൈറ്റിൽ നിന്നും കായിക ക്ഷമത പരീക്ഷയ്ക്ക് ഹാജരാക്കേ അഡ്മിഷൻ ടിക്കറ്റ്, മറ്റ് നിർദ്ദേശങ്ങൾ എന്നിവ ഡൗൺലോഡ് ചെയ്തെടുത്ത് നിശ്ചിത സമയത്ത് എത്തിച്ചേരണം.

## ജോലി ഒഴിവ്

**കൊച്ചി:** ജില്ലയിലെ ഒരു കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ സർവ്വീസ് അസിസ്റ്റന്റ്, അസിസ്റ്റന്റ് ഓപ്പറേറ്റർ എന്നീ തസ്തികയിൽ ര് ഒഴിവ് നിലവിലു്. നിശ്ചിത യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം മാർച്ച് 15 ന് മുമ്പ് അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം. പ്രായ പരിധി 1830. വിദ്യാഭ്യാസ യോഗ്യത: ഒരു അംഗീകൃത ബോർഡിൽ നിന്നും പത്താം ക്ലാസ് പാസ്, ഫിഷറീസ് ടെക്നോളജി ഡിപ്ലോമയും ര് വർഷത്തെ പ്രവൃത്തി പരിചയവും. അസിസ്റ്റന്റ് ഓപ്പറേറ്റർ: പ്രായ പരിധി 1825. വിദ്യാഭ്യാസ യോഗ്യത: മെട്രിക്കുലേഷൻ അല്ലെങ്കിൽ തത്തുല്യം, പ്രവൃത്തി പരിചയം.

## സേവനദാതാക്കൾക്ക് പരിശീലനം നൽകി

**കൊച്ചി:** കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ ബ്ലോക്ക് തലത്തിൽ ആലങ്ങാട് ബ്ലോക്കിൽ രൂപീകരിച്ച കൃഷിശ്രീ സെന്ററുകളിലെ സേവന ദാതാക്കൾക്കുള്ള 20 ദിവസത്തെ പരീശീലനം അവസാനിച്ചു. യന്ത്രവത്ക്കരണം, ആത്മ അടിസ്ഥാനത്തിൽ വിജ്ഞാനവ്യാപനം, മണ്ണ് പരിശോധന സഹായം, കാലാവസ്ഥ ഉപദേശസേവനം, വായ്പാ സഹായം, മറ്റ് സാങ്കേതികസഹായങ്ങളെല്ലാം ഒരു കേന്ദ്രത്തിൽ സംയോജിപ്പിച്ച് കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനു വേി ഗവൺമെന്റ് തുടങ്ങിയ പദ്ധതിയാണ് കൃഷിശ്രീ. വൈറ്റില റീജിണൽ അഗ്രികൾച്ചറൽ ടെക്നോളജി ട്രെയ്നിംഗ് സെന്ററിൽ(ആർ.എ.ടി.ടി.സി) പരിശീലനം നേടിയ 14 പേർക്ക് ആത്മ പ്രോജക്ട് ഡയറക്ടർ ഷീല പോൾ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു ആർ.എ.ടി.ടി.സി ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ് ഇ.വി ലത, കൃഷിശ്രീ പ്രസിഡന്റ് നിതിൻ, അനുരൂപ് ട്രൈബി തോമസ് എന്നിവർ സംസാരിച്ചു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട കൃഷിശ്രീ സേവനദാതാക്കൾക്ക് ഇടപെടലുകൾ നടത്താൻ സാധിക്കുന്ന വിവിധ വിഷയങ്ങളിൽ പ്രയോഗിക പരിജ്ഞാനം അടക്കം പരിശീലനം നൽകിയിട്ടുന്നെ് ആർ.എ.ടി.ടി.സി ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. യന്ത്രങ്ങളുടെ പരിശീലനങ്ങൾ കൂടി ഇവർക്ക് നൽകുമെന്ന് ആത്മ പ്രോജക്റ്റ് ഡയറക്ടർ അറിയിച്ചു.

# തീപിടുത്തം: പ്ലാസ്റ്റിക് മാലിന്യങ്ങൾ ബ്രഹ്മപുരത്തേക്ക് കൊണ്ടുപോകാൻ അനുവദിക്കില്ല

**കൊച്ചി:** പ്ലാസ്റ്റിക് മാലിന്യങ്ങൾ ബ്രഹ്മപുരത്തേക്ക് കൊണ്ടുപോകാൻ അനുവദിക്കേണ്ടതില്ലെന്ന് തീ പിടുത്തത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച അടിയന്തര ഉന്നതതലയോഗം തീരുമാനിച്ചു. ബ്രഹ്മപുരത്ത് നിലവിലുള്ള തീയും പുകയും എത്രയും വേഗം ശമിപ്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും യോഗം വിലയിരുത്തി.ജൈവ മാലിന്യം കഴിവതും ഉറവിടത്തിൽ സംസ്കരിക്കാൻ നിർദേശം നൽകും. ജൈവ മാലിന്യ സംസ്കരണത്തിന് വിൻഡ്രോ കമ്പോസ്റ്റിങ്ങ് സംവിധാനം അടിയന്തരമായി റിപ്പയർ ചെയ്യും. ബ്രഹ്മപുരത്തേക്ക് റോഡ് സൗകര്യം ഉറപ്പാക്കും. ജില്ലാ കലക്ടർ, കോർപ്പറേഷൻ അധികൃതർ തുടങ്ങിയവരടങ്ങിയ എംപവേർഡ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കും. പ്രദേശത്തെ ജനങ്ങളെ ബോധവൽക്കരിക്കും. മന്ത്രിമാരും മേയർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും പങ്കെടുക്കുന്ന യോഗങ്ങൾ ഇതിനായി ചേരണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു. ജില്ലാ ഭരണകൂടം സ്വീകരിച്ച നടപടികൾ കലക്ടർ രേണു രാജ് വിശദീകരിച്ചു. മാർച്ച് 2 ന് വൈകുന്നേരം 4.30 നാണ് ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ തീപിടുത്തം റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഉടൻ തന്നെ ഫയർ ഫോഴ്സ്, പോലിസ് യൂണിറ്റുകൾ സ്ഥലത്തെത്തുകയും തീയണയ്ക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. മാലിന്യത്തിന്റെ രാസവിഘടന പ്രക്രിയ നടക്കുന്നത് മൂലം ബഹിർഗമിക്കുന്ന ചൂട് മൂലമുണ്ടാകുന്ന സ്മോൾഡറിങ് ആണ് പ്രധാനമായും പ്ലാന്റിൽ ഉണ്ടായത്. സംസ്ഥാനത്ത് പൊതുവെ ചൂട് വർധിച്ചു വരുന്ന സാഹചര്യവുമുണ്ട്. ഇത് തീപിടുത്തത്തിൻറെ ആക്കം കൂട്ടി.തീപിടുത്തം നിയന്ത്രണ വിധേയമാക്കാൻ അഗ്നിശമന രക്ഷ സേനയുടെ ശ്രമങ്ങൾക്ക് പുറമെ നേവി, വായു സേനയുൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളുടെയും സഹായം ലഭ്യമാക്കിയെന്നും കലക്ടർ വ്യക്തമാക്കി. കത്തിപ്പടരുന്ന തീ പൂർണ്ണമായും നിയന്ത്രണ വിധേയമായെങ്കിലും മാലിന്യത്തിനകത്ത് നിന്നുള്ള ചൂടിൽ നീറി പുകയുന്ന സ്ഥിതി തുടർന്നു. ഇതുവഴിയാണ് പ്ലാൻറിന് സമീപപ്രദേശത്ത് പൊതുവെ പുക പടരുന്ന സാഹചര്യമുണ്ടായത്. മണ്ണ് മാന്തി യന്ത്രങ്ങൾ ഉപയോഗിച്ച് പുക ബഹിർഗമിക്കുന്ന മേഖലകളിൽ മാലിന്യങ്ങൾ മാന്തി മാറ്റി അകത്തേക്ക് വെള്ളം പമ്പ് ചെയ്ത് പുകയുന്ന സാഹചര്യം ഇല്ലാതാക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത്. അഗ്നിശമന സേനകളുടെ മുപ്പതിലധികം യൂണിറ്റ് ഫയർ എഞ്ചിനുകൾക്ക് പുറമെ ആലപ്പുഴയിൽ നിന്ന് എത്തിച്ചിട്ടുള്ള 3 ഉയർന്ന കപ്പാസിറ്റിയുള്ള പമ്പ് സെറ്റുകൾ ഉൾപ്പെടെ ഉപയോഗിച്ച് മിനുട്ടിൽ 60,000 ലിറ്റർ എന്ന തോതിൽ വെള്ളം പമ്പ് ചെയ്യുന്ന പ്രവർത്തനം തുടരുകയാണ്.ബ്രഹ്മപുരം പ്ലാൻറിൽ തീപിടുത്തമുണ്ടായ വിവരം ലഭിച്ചത് മുതൽ ജില്ലാ ഭരണകൂടം തീയണയ്ക്കാനുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് വരികയാണെന്നും കലക്ടർ വ്യക്തമാക്കി.നിലവിലെ സ്ഥിതിഗതികൾ നിയന്ത്രിക്കാനായി 300 അഗ്നിശമന സേനാ ജീവനക്കാർ, 70 മറ്റു തൊഴിലാളികൾ, മാലിന്യനീക്കത്തിനായി 50 ഓളം ഹിറ്റാച്ചി/ജെസിബി ഓപ്പറേറ്റർമാർ, 31 ഫയർ യൂണിറ്റുകൾ, 4 ഹെലികോപ്റ്ററുകൾ, 14 ഓളം അതിതീവ്ര മർദ്ദശേഷിയുള്ള ജലവാഹക പമ്പുകൾ, 36 ഹിറ്റാച്ചി ജെസിബികൾ എന്നിവയുടെ സഹായത്തോടെ പ്രവർത്തനം നടത്തി വരികയാണ്.യോഗത്തിൽ മന്ത്രിമാരായ പി.രാജീവ്, എം.ബി. രാജേഷ്, വീണ ജോർജ്, കൊച്ചി മേയർ എം.അനിൽകുമാർ, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി, അഡിഷണൽ ചീഫ് സെക്രട്ടറിമാരായ ഡോ.വി.വേണു, ശാരദാ മുരളീധരൻ, സംസ്ഥാന പൊലീസ് മേധാവി അനിൽ കാന്ത്, ഫയർ ഫോഴ്സ് ഡയറക്ടർ ബി.സന്ധ്യ, തുടങ്ങിയവർ സംസാരിച്ചു. എയർഫോഴ്സ്, നേവി, ദുരന്ത നിവാരണ അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരും പങ്കെടുത്തു.



# സംരംഭം, സ്കിൽ, ഹെൽത്ത് : സംസ്ഥാനത്തിന് വലിയ മുന്നേറ്റം സാധ്യമെന്ന് വിദഗ്ധർ

**കൊച്ചി:** വ്യവസായ കാലാവസ്ഥ, സംരംഭക വളർച്ച എന്നിവയ്ക്കായി യുവസംരംഭകരെയും വ്യവസായ വിദഗ്ധരെയും അഭിപ്രായ രൂപീകരണം നടത്തുന്നതിനായി യൂത്ത് 20 എൻഗേജ്മെന്റ് ഗ്രൂപ്പ്. ടൈ കേരള, റിസർച്ച് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം ഫോർ ഡെവലപ്പിങ്ങ് കൺട്രീസ്(ആർ.ഐ.എസ്), ന്യൂ ഡൽഹി എന്നിവയുടെ സംയുക്ത ശിൽപശാല കളമശ്ശേരി സ്റ്റാർട്ടപ്പ് മിഷനിൽ നടന്നു.ഫെഡറൽ ബാങ്ക് ചെയർമാൻ ശ്രീ.സി.ബാലഗോപാൽ മുഖ്യപ്രഭാഷണം നടത്തി. പൊതു വികസനവും സുസ്ഥിര വികസന ലക്ഷ്യങ്ങളും അളക്കുന്ന നിരവധി സൂചികകളിൽ കേരളം തുടർച്ചയായി മികച്ച സംസ്ഥാനങ്ങളിലൊന്നായിട്ടും, ഇന്ത്യയിലെ ഏറ്റവും വികസിത സംസ്ഥാനത്ത് നിന്ന് പ്രവർത്തിക്കുന്നതുപോലെയല്ല കേരളത്തിലെ സംരംഭകർ പെരുമാറുന്നതെന്ന് സി.ബാലഗോപാൽ പറഞ്ഞു.സംസ്ഥാനത്തിനെ സുസ്ഥിരമായ വളർച്ചയുടെ പാതനിലനിർത്തുന്നതിന്, നേട്ടങ്ങൾ ശരിയായി വിലയിരുത്തി അഭിമാനമുയർത്തിപിടിക്കുന്ന ഒരു മനോഭാവം ആവശ്യമാണെന്നും സി.ബാലഗോപാൽ പറഞ്ഞു. നാലാം വ്യവസായ വിപ്ലവം, ഇന്നൊവേഷൻ, 21ാം നൂറ്റാണ്ടിലെ സ്കില്ലുകൾ ,'ആരോഗ്യം, ക്ഷേമം, കായികം: യുവാക്കൾക്കുള്ള അജണ്ട' എന്നിങ്ങനെ രണ്ട്സെഷനുകളാണ് നടന്നത്.ഇന്ത്യ ജി 20 ആതിഥേയത്വം വഹിക്കുന്ന പശ്ചാത്തലത്തിൽ, അതിന് കീഴിലുള്ള യൂത്ത്20 എൻഗേജ്മെന്റ് ഗ്രൂപ്പ് യുവജനങ്ങൾക്കായിനയ രൂപീകരണത്തിന് നൂതന വികസന ആശയങ്ങളും , വളർച്ച കൈവരിക്കാനുമുള്ള വഴികളും ചർച്ച ചെയ്യുകയാണെന്ന് ന്യൂഡൽഹിയിലെ ആർ .ഐ.എസ് അസോസിയേറ്റ് പ്രൊഫസർ ഡോ. പങ്കജ് വസിഷ്ഠ പറഞ്ഞു.അനിശ്ചിതത്വത്തെ ഭയക്കാതെ പ്രശ്നപരിഹാര മനോഭാവം വളർത്തിയെടുക്കണമെന്ന് ടൈ കേരള പ്രസിഡന്റ് അനിഷാ ചെറിയാൻ അഭ്യർത്ഥിച്ചു.ഒരു പ്രശ്നം പരിഹരിക്കാനോ സമൂഹത്തിന്റെ ആവശ്യം നിറവേറ്റാനോ കഴിയുന്ന ഒരു ഉൽപ്പന്നമോ സേവനമോ ഉണ്ടാക്കിയാൽ സംസ്ഥാനത്തിന്റെ ആവശ്യമാണ് നിറവേറുന്നത്. അതുവഴി സംരംഭകനെന്ന നിലയിൽ ധനസമ്പാദനവും സാധ്യമാവും. ജീവിക്കാനും ജോലി ചെയ്യാനുമുള്ള മികച്ച സ്ഥലമാണ് നമ്മുടെ സംസ്ഥാനം, മറിച്ചുള്ള ആഖ്യാനം മാറേണ്ടതുണ്ടെന്നും അനിഷാ ചെറിയാൻ പറഞ്ഞു.ഇന്റർനെറ്റ് സമ്പദ്വ്യവസ്ഥയെ അഭിമുഖീകരിക്കുന്നതിന് വ്യക്തികളും സ്ഥാപനങ്ങളും രൂപപ്പെടുത്തേണ്ട നൈപുണ്യ വികസന സംസ്കാരത്തെ പറ്റി സ്കിൽ വികസന കമ്പനിയായ ഗ്രീൻ പെപ്പറിന്റെ സി.ഇ.ഒ ശ്രീ കൃഷ്ണ കുമാർ, സംസാരിച്ചു.ടെക്നോളജി, കമ്മ്യൂണിക്കേഷൻസ്, കോഗ്നിറ്റീവ് മേഖലകളിൽ 50% സമയവും പുതിയ വൈദഗ്ധ്യങ്ങൾ പഠിക്കാനും നേടാനും നീക്കി വെക്കണമെന്ന് കൃഷ്ണ കുമാർ പറഞ്ഞു.കേരള സ്റ്റാർട്ട്അപ്പ് മിഷന്റെ ഫാബ് ലാബ് ടെക്നിക്കൽ ഓഫീസർ അഭിലാഷ് വി.ടി, നാലാം വ്യവസായ വിപ്ലവം ഒരുക്കുന്ന അനന്തമായ അവസരങ്ങൾ വിശദീകരിച്ചു. കേരള സ്റ്റാർട്ട്അപ്പ് മിഷന്റെ കീഴിലുള്ള ഫാബ് ലാബ് കേരള, യു.എസ്.എയ്ക്ക് പുറത്ത് ആദ്യത്തെതാണ്. ഇതുവഴി കോളേജ് വിദ്യാർത്ഥികൾക്ക് പഠിക്കാനും നവീകരിക്കാനും വിജയിക്കാനും സാധിക്കുന്നു. രാജ്യത്ത് തന്നെ മാതൃകയാണിത്, അഭിലാഷ് വി ടി പറഞ്ഞു.ആരോഗ്യം, ക്ഷേമം, കായികം: യുവാക്കൾക്കുള്ള അജണ്ട' എന്ന സെഷന് ഹീൽ ഫാർമ സ്ഥാപകൻ രാഹുൽ മാമ്മൻ അധ്യക്ഷത വഹിച്ചു. വ്യായാമം, കായികം, വിനോദം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ, സ്ഥലം കണ്ടെത്തൽ, ശുദ്ധവായുവിന്റെയും വെള്ളത്തിന്റെയും അഭാവം പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുക, എയർപോർട്ടുകൾ, ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥലങ്ങളിൽ ഇൻഡോർ സ്പോർട്സ് ആരംഭിക്കുക എന്നിവ ചർച്ചാ വിഷയമായി.40ലധികം യുവസംരംഭകരും പ്രൊഫഷണലുകളും, വിദഗ്ദ്ധരും ചർച്ചകളിൽ പങ്കെടുത്തു.




## ക്രാഫ്റ്റ്മാൻ (റിഗർ) ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിലെ ഒരു അർദ്ധ കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ക്രാഫ്റ്റ്മാൻ (റിഗർ) തസ്തികയിൽ 30 ഒഴിവ് നിലവിലുണ്ട്. നിശ്ചിത യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം മാർച്ച് 15 ന് മുമ്പ് അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം. പ്രായ പരിധി 1835. വിദ്യാഭ്യാസ യോഗ്യത 10ാം ക്ലാസ് ജയിച്ചിരിക്കണം. നല്ല ശാരീരികക്ഷമതയും ശാരീരിക ക്ഷമതയും മെറ്റീരിയൽ കൈകാര്യം ചെയ്യുന്ന റിഗിംഗ് ജോലിയിലും പ്ലാന്റ്/ ഉപകരണങ്ങൾ പരിപാലനവുമായി ബന്ധപ്പെട്ട മറ്റ് ജോലികളിലും അഞ്ച് വർഷത്തെ പരിചയം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വാഴക്കുളം അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിന്റെ പരിധിയിലുള്ള ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളിൽ ഉണ്ടായിട്ടുള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ അങ്കണവാടി ഹെൽപ്പർമാരുടെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരും സേവന തൽപരത ഉള്ളവരും, മതിയായ ശാരീരിക ശേഷിയുള്ളവരും 01.01.2023 ജനുവരി ഒന്നിന് 18 വയസ് പൂർത്തിയായവരും, 46 വയസ് പൂർത്തിയാകാത്തവരുമായ വനിതകൾക്ക് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ അപേക്ഷിക്കാം. സംവരണ വിഭാഗക്കാർക്ക് നിയമാനുസൃത വയസിളവിന് അർഹത. അപേക്ഷകർ പത്താം ക്ലാസ് പാസാകാൻ പാടില്ല. എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം. പൂരിപ്പിച്ച അപേക്ഷകൾ മാർച്ച് 22 ന് വൈകീട്ട് അഞ്ചു വരെ തോട്ടക്കാട്ടുകരയിൽ പ്രവർത്തിക്കുന്ന വാഴക്കുളം അഡീഷണൽ ഐസിഡിഎസ് പ്രോജക്ട് ഓഫീസിൽ സ്വീകരിക്കും. (ഫോൺ: 0484 2952488, 9387162707). അപേക്ഷയുടെ മാതൃക വാഴക്കുളം അഡീഷണൽ ഐസിഡിഎസ് പ്രോജക്ട് ഓഫീസ്, ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കും.

## കിറ്റ്സിൽ കോഴ്സിന് അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) 202325 ബാച്ചിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രിയും, കെമാറ്റ്/സിമാറ്റ്/ക്യാറ്റ് യോഗ്യതയും ഉള്ളവർക്കും അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും www.kittsedu.org വഴി അപേക്ഷിക്കാം.കേരള സർവ്വകലാശാലയുടേയും എ.ഐ.സി.ടി.ഇ.യുടേയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര ട്രാവൽ, ടൂർ ഓപ്പറേഷൻ, ഹോസ്പിറ്റാലിറ്റി, എയർപോർട്ട് മാനേജ്മെന്റ് എന്നി വിഷയങ്ങളിൽ സ്പെഷ്യലൈസേഷനും ജർമ്മൻ, ഫ്രഞ്ച് ഭാഷകൾ പഠിക്കാനും അവസരമുണ്ട്. വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് 100 ശതമാനം പ്ലേസ്മെന്റ് അസിസ്റ്റന്റ്സ് നൽകുന്നു. എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംവരണവും ആനുകൂല്യങ്ങളും ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 20. കൂടുതൽ വിവരങ്ങൾക്ക് www.kittsedu.org, 9446529467 9847273135/ 04712327707 എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.

# സുരക്ഷയ്ക്കും യാത്രക്കാർക്കും മുൻഗണന ; 'ഗോഡുഗോ' ടാക്സി ബുക്കിംഗ് ആപ്പ് കേരളത്തിൽ പ്രവർത്തനം തുടങ്ങി

**കൊച്ചി :** സുരക്ഷയ്ക്കും യാത്രക്കാർക്കും പ്രഥമ പരിഗണന നൽകി ആധുനിക എസ്.ഒ.എസ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന 'ഗോഡുഗോ' ടാക്സി ബുക്കിംഗ് ആപ്പ് കേരളത്തിൽ പ്രവർത്തനം തുടങ്ങി.കോയമ്പത്തൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്റ്റാർട്ട് സംരഭമായ ഗോഡുഗോ ട്രാവൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ 'ഗോഡുഗോ' ആപ്പ് ലോകവനിതാ ദിനമായ ഇന്നലെ എറണാകുളം മാരിയറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ കൊച്ചിൻ പോർട് ട്രസ്റ്റ് ചെയർപേഴ്സൺ ഡോ.എം.ബീന ഐ.എ.എസ്,ചലച്ചിത്ര താരം ഭാവന, എഴുത്തുകാരി കെ.എ ബീന, ഇന്ത്യൻ എയർഫോഴ്സ് മുൻ പൈലറ്റ് ശ്രീവിദ്യ രാജൻ, കമ്പനി മാനേജിംഗ് ഡയറക്ടർ ഐ. ക്ലാരിസ്സ, ഡയറക്ടർ കെയ്റ്റ്ലിൻ മിസ്റ്റികാ എന്നിവർ ചേർന്നാണ് ഉദ്ഘാടനം ചെയ്തത്.ഈ വർഷത്തെ അന്തർദേശീയ വനിതാ ദിനത്തിന്റെ തീം 'ഡിജിറ്റ് ഓൾ ' എന്നതാണെന്ന് ഡോ.എം.ബീന ഐ.എ.എസ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.സ്ത്രീകളെയും ഡിജിറ്റൽ മേഖലയിൽ കൂടുതൽ ശാക്തികരിക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യം വെയ്ക്കുന്നത്.സ്ത്രീകളുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിനായി പലവിധത്തിലുള്ള പദ്ധതികളുമായി രാജ്യം മുന്നോട്ടു പോകുന്ന ഈ കാലഘട്ടത്തിൽ സ്ത്രീ സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകിയാണ് ഗോഡുഗോ ആപ്പ് രൂപ കൽപ്പന ചെയ്തിരിക്കുന്നത് എന്നത് ഏറെ അഭിനന്ദനാർഹമാണെന്ന് ഡോ.എം.ബീന പറഞ്ഞു. സ്ത്രീകൾ തനിച്ചു യാത്രചെയ്യുമ്പോൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സുരക്ഷ സംബന്ധിച്ചാണെന്ന് എഴുത്തുകാരി കെ.എ ബീന പറഞ്ഞു.ട്രെയിനിലും ബസിലുമൊക്കെ യാത്രചെയ്യുമ്പോൾ സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഏവർക്കും അറിയാവുന്ന കാര്യമാണ്.ഇത്തരം ഘട്ടത്തിൽ സ്ത്രീസുരക്ഷയ്ക്ക് പ്രാധാന്യം നൽകിയുള്ള ഗോഡുഗോ ആപ്പ് എറെ അഭിനന്ദനാർഹമാണെന്നും കെ.എ ബീന പറഞ്ഞു.സ്ത്രീകൾക്കു നേരെയുള്ള കുറ്റകൃത്യങ്ങൾ സമൂഹത്തിൽ വർധിച്ചുവരുന്ന കാലമാണിതെന്ന് ഇന്ത്യൻ എയർഫോഴ്സ് മുൻ പൈലറ്റ് ശ്രീവിദ്യ രാജൻ പറഞ്ഞു.അത്തരം സാഹചര്യത്തിൽ ആധുനിക രീതിയിലുള്ള എസ്.ഒ.എസ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഗോഡുഗോ ആപ്പ് ഏറെ പ്രതീക്ഷ നൽകുന്നതാണെന്നും അവർ പറഞ്ഞു.സ്ത്രീകളുടെ അടക്കം സുരക്ഷയ്ക്ക് പ്രധാന്യം നൽകുന്ന വിധത്തിലുള്ള 'ഗോഡുഗോ' ആപ്പിന്റെ ആധുനിക എസ്.ഒ.എസ് സംവിധാനം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ചലച്ചിത്ര താരം ഭാവന പറഞ്ഞു.ജോലിക്കായി അനുദിനം പുറത്തുപോകുകയും യാത്ര ചെയ്യുകയും ചെയ്യുന്ന സ്ത്രീകളുടെ എണ്ണം വർധിച്ചു വരികയാണ്.വീട്ടിൽ നിന്നും പുറത്തു പോയിക്കഴിഞ്ഞാൽ അവരുടെ സുരക്ഷ ആ വിട്ടിലുള്ള എല്ലാവരുടെയും പ്രധാന വിഷയം തന്നെയാണ്. ഈ സാഹചര്യത്തിൽ ഗോഡുഗോ ആപ്പിന്റെ ആധുനിക എസ്.ഒ.എസ് സംവിധാനം ഏറെ ഉപകാരപ്രദമായിരിക്കുമെന്നും ഭാവന വ്യക്തമാക്കി. ഗോഡുഗോ ആപ്പ് സംബന്ധിച്ച് എം.ഡി ഐ.ക്ലാരിസ്സയും ആധുനിക എസ്.ഒ.എസ് സംവിധാനത്തെക്കുറിച്ച് ഗോഡുഗോ ഡയറക്ടർ കെയ്റ്റ്ലിൻ മിസ്റ്റിക്കയും ഗോഡുഗോ ആപ്പിന്റെ സാങ്കേതിക വിദ്യയെക്കുറിച്ച് സാങ്കേതിക വിദഗ്ദൻ മോസസും ചടങ്ങിൽ വിശദീകരിച്ചു.ഗോഡുഗോ ലോഗോയുടെ ഉദ്ഘാടനം കെ.എ ബീനയും ആപ്പിന്റെ ഉദ്ഘാടനം ശ്രീവിദ്യ രാജനും ചടങ്ങിൽ നിർവ്വഹിച്ചു.സാങ്കേതിക വിദഗ്ദൻ മോസസിനെയും ഗോഡുഗോ ജീവനക്കാരെയും വനിതാ ദിനാചരണത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വനിതാ ഡ്രൈവർമാരെയും ചടങ്ങിൽ ആദരിച്ചു.ഗോഡുഗോ ചെയർമാൻഎസ്.ഐ.നാഥൻ,റീജ്യണൽ ഡയറക്ടർ എസ്.ശ്യം സുന്ദർ,എച്ച്.ആർ.ഡയറക്ടർ ടി.ആർ.അക്ഷയ്, ഓപ്പറേഷൻസ് ഡയറക്ടർ ജെ.ധന വെങ്കടേഷ്, അഡ്വൈസർ ക്യാപ്റ്റൻ ശശി മണിക്കത്ത് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.




**'ഗോഡുഗോ' ടാക്സി ബുക്കിംഗ് ആപ്പിന്റെ ഉദ്ഘാടനം എറണാകുളം മാരിയറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ ലിമാ റോസ്,ഇന്ത്യൻ എയർഫോഴ്സ് മുൻ പൈലറ്റ് ശ്രീവിദ്യ രാജൻ,എഴുത്തുകാരി കെ.എ ബീന,കൊച്ചിൻ പോർട് ട്രസ്റ്റ് ചെയർപേഴ്സൺ ഡോ.എം.ബീന,ഗോഡുഗോ ചെയർമാൻഎസ്.ഐ.നാഥൻ,ചലച്ചിത്ര താരം ഭാവന,ഗോഡുഗോ എംഡി ഐ.ക്ലാരിസ്സ,ഡയറക്ടർ കെയ്റ്റ്ലിൻ മിസ്റ്റിക്ക എന്നിവർ ചേർന്ന് നിർവ്വഹിച്ചപ്പോൾ**

# ഇ–വീൽചെയറിൽ ഇനി ഇവർ സഞ്ചരിക്കും; 'സഹയാത്രയ്ക്ക് സ്നേഹസ്പർശമായ് 'മണപ്പുറം

**കൊച്ചി:** മസ്കുലർ ഡിസ്ട്രോഫി എന്ന ജനിതക രോഗം കാരണം നടക്കാനോ പുറത്തിറങ്ങാനോ കഴിയാതെ പ്രയാസം നേരിടുന്ന 50 പേർക്ക് മണപ്പുറം ഫൗണ്ടേഷൻ ഇലക്ട്രിക് വീൽചെയറുകൾ വിതരണം ചെയ്തു. മസ്കുലർ ഡിസ്ട്രോഫി രോഗ ബാധിതർക്കു വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയായ മൈൻഡ് ട്രസ്റ്റുമായി സഹകരിച്ചാണ് പദ്ധതി. സിയാൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച 'സഹയാത്രയ്ക്ക് സ്നേഹസ്പർശമായ്' എന്ന മെഗാ പരിപാടി മസ്കുലർ ഡിസ്ട്രോഫി രോഗ ബാധിതരുടെ സംഗമ വേദികൂടിയായി.

മാന്ത്രികനും ഭിന്നശേഷി അവകാശ പ്രവർത്തകനുമായ ഗോപിനാഥ് മുതുകാട് സംഗമം ഉദ്ഘാടനം ചെയ്തു. 'ഓരോ ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കാനുള്ള ശ്രമങ്ങൾ സമൂഹത്തിൽ നിന്ന് തന്നെ ഉയർന്നു വരേണ്ടതുണ്ട്. നമുക്ക് ലഭിച്ച സൗഭാഗ്യങ്ങൾ നമ്മുടെ കഴിവുകൾ കൊണ്ട് നേടിയതല്ല. അതുപോലെതന്നെ ഭിന്നശേഷി ആരുടേയും കുറ്റം കൊണ്ടുമല്ല . അതു തിരിച്ചറിയുമ്പോഴാണ് സഹയാത്ര സാധ്യമാകുന്നതെന്ന് ഗോപിനാഥ് മുതുക്കാട് പറഞ്ഞു. ആലുവ എംഎൽഎ അൻവർ സാദത്ത് അധ്യക്ഷത വഹിച്ചു. 600 അംഗങ്ങളുള്ള മൈൻഡ് ട്രസ്റ്റാണ് അർഹരായ രോഗികളെ കണ്ടെത്താൻ സഹായങ്ങൾ നൽകിയത്. ഒന്നര ലക്ഷത്തോളം രൂപ വിലരുന്ന 50 ഇവീൽചെറുകളാണ് വിതരണം ചെയ്തത്. പദ്ധതി ചെലവിലേക്കായി 75 ലക്ഷം രൂപ മണപ്പുറം ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റി വി പി നന്ദകുമാർ മൈൻഡ് ട്രസ്റ്റിനു കൈമാറി.

മൈൻഡ് ട്രസ്റ്റ് ചെയർമാൻ കൃഷ്ണകുമാർ.കെ.കെ, മണപ്പുറം ഫിനാൻസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. സുമിത നന്ദൻ, ലയൺസ് ക്ലബ് ഇന്റർനാഷനൽ ഡിസ്ട്രിക്ട് ഗവർണർ സുഷമ നന്ദകു



മാർ, രാഷ്ട്രീയ,കലാ സാംസ്കാരിക മേഖലകളിൽ നിന്നുള്ള പ്രമുഖരും പങ്കെടുത്തു. മൈൻഡ് ട്രസ്റ്റ് വൈസ് ചെയർമാൻ കൃഷ്ണ കുമാർ പി എസ്, കൈപ്പമംഗലം എംഎൽഎ ഇ ടി ടൈസൺ മാസ്റ്റർ, എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ഒറ്റപ്പാലം എംഎൽഎ കെ പ്രേംകുമാർ എന്നിവർ മുഖ്യാതിഥികളായി. മണപ്പുറം ഫൗണ്ടേഷൻ സിഇഒ ജോർജ് ഡി ദാസ് സ്വാഗതം പറഞ്ഞു.

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് മണപ്പുറം ഫൗണ്ടേഷൻ വർഷം തോറും നടത്തി വരാറുള്ള സധൈര്യം 2023 പരിപാടിയോടനുബന്ധിച്ച് വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകൾക്കുള്ള പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. ശാരീരിക വെല്ലുവിളികളെ അതിജീവിച്ച് കർമപഥത്തിൽ മുന്നേറി മികവ് തെളിയിച്ച മൗത്ത് ആന്റ് ഫൂട്ട് പെയിന്റിങ് ആർടിസ്റ്റ് ജിലു മാരിയറ്റ് തോമസ്, മികച്ച സിഎഫ്ഒ പുരസ്കാരം നേടിയ മണപ്പുറം ഫിനാൻസ് സിഎഫ്ഒ ബിന്ദു എ എൽ , സംസ്ഥാന ഗോൾഡ് മെഡൽ ജേതാവായ ശിവപ്രിയ (സ്പോർട്സ് ഐക്കൺ), നൂതനാശയം അവതരിപ്പിച്ച ഭിന്നശേഷിക്കാരൻ അജിത് കുമാർ കൃപ എന്നിവരേയും ചടങ്ങിൽ ആദരിച്ചു.

# വനിതാ ജീവനക്കാരെ ആദരിച്ച് വികെസി ഗ്രൂപ്പ്



**കോഴിക്കോട്:** പതിറ്റാണ്ടിലേറെ കാലമായി സേവനം തുടരുന്ന വനിതാ ജീവനക്കാർക്ക് വികെസി ഗ്രൂപ്പിന്റെ പ്രത്യേക ആദരം. ലോക വനിതാ ദിനത്തോടനുബന്ധിച്ചാണ് 232 ഓളം വനിതാ ജീവനക്കാരെ വികെസി ഗ്രൂപ്പ് ചെയർമാൻ വികെസി മമ്മദ് കോയ ആദരിച്ചത്. പത്തു വർഷത്തിലേറെ കാലമായി സേവനം ചെയ്യുന്ന 139 വനിതാ ജീവനക്കാർക്ക് കമ്പനി പ്രത്യേക ഉപഹാരങ്ങൾ നൽകി. കമ്പനിയുടെ വളർച്ചയിൽ നിർണായ പങ്കുവഹിച്ച വനിതാ ജീവനക്കാരുടെ സേവനത്തിനുള്ള അംഗീകാരമായാണ് പരിപാടി സംഘടിപ്പിച്ചത്. മാനേജിങ് ഡയറക്ടർ വികെസി റസാക്ക് അധ്യക്ഷത വഹിച്ചു.വർഷങ്ങളായി വികെസി ഗ്രൂപ്പിനൊപ്പമുള്ള വനിതാ ജീവനക്കാരേയും അവരുടെ സമർപ്പിത സേവനങ്ങളേയും ആദരിക്കുന്നതിലൂടെ തൊഴിലിടങ്ങളിൽ വനിതകൾക്ക് പ്രോത്സാഹനവും അവസരങ്ങളും ഒരുക്കുന്നു എന്നതിൽ ഏറെ അഭിമാനമുണ്ടെന്ന് വികെസി ഗ്രൂപ്പ് ചെയർമാൻ വികെസി മമ്മദ് കോയ പറഞ്ഞു. .പാദരക്ഷാ ഉൽപ്പാദന രംഗത്ത് വികെസി ഗ്രൂപ്പിനെ മുന്നിലെത്തിക്കാൻ കഠിനാധ്വാനവും സമർപ്പിത സേവനവും ചെയ്തവരാണ് ഞങ്ങളുടെ വനിതാ ജീവനക്കാർ. ദീർഘകാലം ഈ ജിവനക്കാർ വികെസിയുടെ കൂടെയുണ്ടെന്നത് വലിയ അഭിമാനമാണ്. കമ്പനിയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും കൂടെയുള്ള ഇവരുടെ വളർച്ചയ്ക്കും ഞങ്ങൾ സവിശേഷ ശ്രദ്ധ നൽകിവരുന്നു വികെസി ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ വികെസി റസാക്ക് പറഞ്ഞു.വതുല്യതയെ അംഗീകരിക്കുക എന്ന വിഷയത്തിൽ വനിതാ ജീവനക്കാർക്കായി ക്ലാസും സംഘടിപ്പിച്ചു. മുഖ്യാതിഥിയായ നിഷ സോമൻ (റിലേഷൻഷിപ്പ് കോച്ച്, ഫാമിലി കൗൺസിലർ, എച്ച്ആർഡി ട്രെയിനർ) നേതൃത്വം നൽകി. ഡയറക്ടർമാരായ എം.എ. പ്രേംരാജ്, കെ.സി. ചാക്കോ, പി. അസീസ് എന്നിവർ സംസാരിച്ചു.

# പതിറ്റാണ്ട് പൂർത്തിയാക്കി ലുലു മാൾ; ആഘോഷങ്ങൾക്ക് തുടക്കം




**കൊച്ചി ലുലു മാളിന്റെ പത്താം വാർഷികാഘോഷങ്ങളുടെ ലോഗോ പ്രകാശനം നടൻ മമ്മൂട്ടി നിർവഹിക്കുന്നു.**

**കൊച്ചി:** ലുലു മാളിലൂടെ കേരളം കണ്ട ലോകോത്തര ഷോപ്പിംഗ് സംസ്കാരത്തിനും റീട്ടെയിൽ വിപ്ലവത്തിനും പത്ത് വയസ്സ്. ഇക്കാലയളവിൽ 17 കോടിയിലധികം ഉപഭോക്താക്കളാണ് മാൾ സന്ദർശിച്ചത്. പത്താം വാർഷികാഘോഷങ്ങളുടെ ലോഗോ പ്രകാശനം നടൻ മമ്മൂട്ടി നിർവഹിച്ചു. വാർഷികാഘോഷങ്ങളുടെ ഭാഗമായി മാളിൽ എവിടെയും കുറഞ്ഞത് 2500 രൂപയ്ക്ക് ഷോപ്പിംഗ് നടത്തുന്ന ഉപഭോക്താക്കൾക്ക് 10 ലക്ഷത്തിലധികം വില മതിയ്ക്കുന്ന സ്വർണ്ണാഭരണങ്ങൾ, വാച്ചുകൾ, ലാപ്ടോപ്പുകൾ, സമ്മാനങ്ങൾ എന്നിവ നേടാനുള്ള അവസരവും ലഭിക്കും. ആനിവേഴ്സറി ഷോപ്പ് ആന്റ് വിൻ ക്യാമ്പയിൻ ഏപ്രിൽ 23 വരെ ഓപ്പൺ ആയിരിക്കും. പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഗായകൻ ഹരിശങ്കറും സംഘവും അണിനിരക്കുന്ന സംഗീത നിശ മാളിൽ നടക്കും. നാളെ വൈകീട്ട് 6 മുതൽ 7:30 വരെയാണ് സംഗീത നിശ.ഇന്ത്യൻ റീട്ടെയിൽ മേഖലയിൽ മികവറിയിക്കുന്ന സുപ്രധാന ചുവടുവെയ്പുകളും നാഴികക്കല്ലുകളും സൃഷ്ടിച്ചുകൊണ്ടാണ് ലുലു മാൾ ഒരു പതിറ്റാണ്ട് പൂർത്തിയാക്കുന്നത്. രണ്ടര കോടിയിലധികം വാഹനങ്ങളാണ് ഇതുവരെ മാളിൽ പ്രവേശിച്ചത്. സംസ്ഥാനത്ത് ആദ്യമായെത്തുന്ന അന്താരാഷ്ട്ര ബ്രാൻഡുകളുടെയടക്കം 250ൽ അധികം സ്റ്റോറുകൾ ലുലു ഉപഭോക്താക്കളിലേക്ക് എത്തിച്ചു. സൂപ്പർ ഡ്രൈ, മാംഗോ, നൈകാ ലക്സ്, അർമാനി എക്സ്ചേഞ്ച്, ലിവൈസ് റെഡ്ലൂപ്പ്, ഋതു കുമാർ, മാക്, ബോംബെ സ്റ്റോർ, പഞ്ചാബ് ഗ്രിൽ, ഫൺട്യൂറ, സ്റ്റാർബക്സ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഏറ്റവും പ്രശംസ നേടിയ ഷോപ്പിംഗ് സെന്ററിനുള്ള ഇമേജസ് 2022 , ട്രേഡിംഗ് ഡെൻസിറ്റി (സൗത്ത്), മാർക്കറ്റിംഗിനും പ്രമോഷനുകൾക്കും ഏറ്റവും പ്രശംസ നേടിയ ഷോപ്പിംഗ് സെന്ററിനുള്ള ഇമേജസ് പുരസ്കാരം അടക്കം കഴിഞ്ഞ വർഷങ്ങളിൽ, നിരവധി ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ ലുലുവിനെ തേടിയെത്തി. ബാംഗ്ലൂർ, തിരുവനന്തപുരം, ലഖ്നൗ എന്നിവിടങ്ങളിൽ ഷോപ്പിംഗ് മാളുകൾ തുറന്നുകൊണ്ട് ലുലു ഗ്രൂപ്പ് ഇപ്പോൾ ഇന്ത്യയിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്നു.

# സ്ത്രീകൾക്ക് സ്വപ്ന ജോലി കണ്ടെത്താൻ 'വി' ആപ്പ്

**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സ്ത്രീകളെ അവരുടെ സ്വപ്ന ജോലി കണ്ടെത്താൻ സഹായിക്കുന്നതിന് വി തൊഴിൽ പ്ലാറ്റ്ഫോമായ അപ്നയുമായി സഹകരിച്ച് സ്ത്രീകൾക്ക് ഇന്ത്യയിലുടനീളം ആയിരക്കണക്കിന് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു.വി ആപ്പിലെ വി ജോബ്സ് ആൻഡ് എജ്യൂക്കേഷൻ പ്ലാറ്റ്ഫോമിൽ അധ്യാപകർ, ടെലികോളർമാർ, റിസപ്ഷനിസ്റ്റുകൾ തുടങ്ങി ആയിരക്കണക്കിന് പാർട്ട്ടൈം, വർക്ക് ഫ്രം ഹോം വരെയുള്ള അവസരങ്ങൾക്ക് സ്ത്രീകൾക്ക് അപേക്ഷിക്കാൻ സാധിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.അപ്നയുമായി സഹകരിച്ച് വി ടെലി കോളർ ആകാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് 5000 രൂപ ഡിസ്കൗണ്ടോടെ പ്ലേസ്മെൻറ് ഉറപ്പ് നൽകുന്ന പരിശീലന പരിപാടിയും ലഭ്യമാണ്.ഇതിൻറെ ഭാഗമായി ഇംഗ്ലീഷ് ഭാഷാ പ്രാവിണ്യം വർധിപ്പിക്കുന്നതിന് പ്രമുഖ ഇംഗ്ലീഷ് പഠന പ്ലാറ്റ്ഫോമായ എൻഗുരുവുമായി സഹകരിച്ച് വിദഗ്ധരുടെ അൺലിമിറ്റഡ് ഇൻററാക്ടീവ് ലൈവ് ഇംഗ്ലീഷ് കോഴ്സുകൾ വി 50 ശതമാനം കിഴിവ് ലഭ്യമാക്കും. സ്ത്രീകളുടെ പ്രൊഫഷണൽ കഴിവുകൾ വളർത്താൻ സഹായിക്കുന്നതിന് അപ്ന, എൻഗുരു എന്നിവരുടെ സഹകരണത്തോടെ കരിയർ കൗൺസിലിങ്ങുകളും വെബിനാറുകളും വി സംഘടിപ്പിക്കും.ഈ ഓഫറുകൾ ഈ മാസം 14 വരെ വി ആപ്പിൽ (ജോബ്സ് ആൻഡ് എജ്യൂക്കേഷൻ) ലഭ്യമാണെന്നും കമ്പനി അധികൃതർ അറിയിച്ചു.

# വനിതാ ജീവനക്കാർക്ക് ആദരവുമായി മുത്തൂറ്റ് ഗ്രൂപ്പ്




**കൊച്ചി:** മുത്തൂറ്റ് ഗ്രൂപ്പ് അന്താരാഷ്ട്ര വനിതാ ദിനത്തിൽ തങ്ങളുടെ വനിതാ ജീവനക്കാരെയും അവരുടെ വിലപ്പെട്ട സംഭാവനകളെയും ആദരിച്ചു. വൈവിധ്യമാർന്ന 20 ഡിവിഷനുകളുള്ള ഗ്രൂപ്പിന്റെ ജീവനക്കാരിൽ 7,769 പേർ വനിതകളാണ്. ഇന്ത്യയിലെ വനിതാ തൊഴിലാളികളെ ശാക്തീകരിക്കുന്നതിന് നിരവധി പ്രവർത്തനങ്ങളാണ് ഗ്രൂപ്പ് നടത്തിയിട്ടുള്ളതെന്ന് മുത്തൂറ്റ് ഗ്രൂപ്പ് ജോയിന്റ് മാനേജിങ് ഡയറക്ടർ അലക്സാണ്ടർ ജോർജ് മുത്തൂറ്റ് പറഞ്ഞു.ഗ്രൂപ്പിന്റെ പതാകവാഹക കമ്പനിയായ മുത്തൂറ്റ് ഫിനാൻസിന്റെ ശാഖാ മേധാവികളിൽ 24 ശതമാനവും വനിതകളാണ്. അതായത് കമ്പനിയുടെ 5842 ലധികം വരുന്ന ശാഖകളിൽ ഓരോ നാലാമത്തെ ശാഖയും നയിക്കുന്നത് ഒരു വനിതയാണ്.ഗ്രേറ്റ് പ്ലേസ് ടു വർക്ക് ഇൻസ്റ്റിറ്റ്യൂട്ട് തുടർച്ചയായി രണ്ട് തവണ കമ്പനിക്ക് 'ജോലി ചെയ്യാൻ പറ്റിയ മികച്ച ഇടം' എന്ന അംഗീകാരവും നൽകിയിട്ടുണ്ട്.ഇന്ത്യയിലെ വനിതകൾക്ക് തൊഴിലെടുക്കാൻ പറ്റിയ ഏറ്റവും മികച്ച 100 സ്ഥാപനങ്ങളിലൊന്നായി എവിടിഎആർ (അഢഠഅഞ) കമ്പനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. നടിയും ഇന്ത്യയിലെ സ്ത്രീ ശാക്തീകരണത്തിന്റെ മികച്ച ഉദാഹരണവുമായ മാധുരി ദീക്ഷിതിനെ അടുത്തിടെ കമ്പനി ബ്രാൻഡ് അംബാസഡറായി നിയമിക്കുകയും ചെയ്തു. വനിതകളെ സാമൂഹികമായി ശാക്തീകരിക്കുന്നതിനും ലിംഗഭേദമില്ലാതെ തുല്യഅവസരങ്ങൾ ലഭ്യമാക്കുന്നതിനും ഗ്രൂപ്പ് നിരവധി സംഭാവനകൾ ചെയ്തിട്ടുണ്ട്. 2022 ആഗസ്തിൽ 'ദി കപ്പ്' എന്ന ആർത്തവ ആരോഗ്യ ബോധവത്കരണ പരിപാടി സംഘടിപ്പിച്ച് കൊച്ചിയിൽ 24 മണിക്കൂറിനുള്ളിൽ ഒരു ലക്ഷത്തിലധികം മെൻസ്ട്രൽ കപ്പുകൾ സൗജന്യമായിവിതരണം ചെയ്തു. ഇത് ഗിന്നസ് വേൾഡ് റിക്കോർഡിൽ ഇടംപിടിച്ചിരുന്നു. സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും സ്ത്രീകൾക്ക് അവരുടെ കഴിവ് തെളിയിക്കാൻ ശരിയായ വേദികൾ ലഭ്യമാക്കുന്നതിന് ഗ്രൂപ്പിന്റെ സ്ത്രീ സൗഹൃദനയങ്ങളും പരിപാടികളും കൂടുതൽ ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്നുവെന്നുംഅലക്സാണ്ടർ ജോർജ് മുത്തൂറ്റ് പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com